പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 151

09/03/2010 - ൽ മറുപടിക്ക്

## കേന്ദ്ര വിഹിതമായ ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കേന്ദ്രം സംസ്ഥാനത്തിനനുവദിക്കുന്ന അരിയും ഗോതമ്പും യഥാസമയം ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിൽ സംസ്ഥാനം വിമുഖത കാണിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനം വിമുഖത കാട്ടിയിട്ടില്ല. 2007 മേയ് മുതൽ കേന്ദ്രം പി.ഡി.എസ്. നിരക്കിൽ അനുവദിച്ചു നൽകിയ ഭക്ഷ്യധാന്യം പൂർണ്ണമായും വിട്ടെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) 2008-2009-ൽ എ.പി.എൽ. വിഹിതമായി കേന്ദ്ര സർക്കാർ എത്ര ടൺ അരിയും ഗോതമ്പും അനുവദിച്ചുവെന്നറിയിക്കുമോ ; | (ബി) | 2008-2009 വർഷത്തിൽ എ.പി.എൽ. വിഭാഗത്തിൽ 2,98,527 മെ.ടൺ അരിയും 1,61,324 മെ.ടൺ ഗോതമ്പും അനുവദിക്കുകയുണ്ടായി. |
| സി) 2009-10 വർഷത്തിൽ സെപ്റ്റംബർ മാസം വരെ കേന്ദ്രമനുവദിച്ച ഭക്ഷ്യധാന്യങ്ങളെത്രയെന്നും ആയതിൽ എത്ര ശതമാനം ഏറ്റെടുത്തുവെന്നും, പൂർണ്ണമായും ഏറ്റെടുക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കുമോ ; | (സി) | 2009-10 വർഷത്തിൽ സെപ്റ്റംബർ മാസം വരെ കേന്ദ്രം 6,11,002 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചതിൽ ഏതാണ്ട് 100%-ത്തോളം ഏറ്റെടുത്തിട്ടുണ്ട്. (വിവരം അനുബന്ധമായി ചേർക്കുന്നു).<br><br>എന്നാൽ കൂടിയ നിരക്കിൽ സ്പെഷ്യൽ ക്വാട്ടയായി ഓണക്കാലത്ത് അനുവദിച്ച അരിയുടെ 91.19 ശതമാനവും ഗോതമ്പിന്റെ 50.53 ശതമാനവും വിട്ടെടുക്കുകയുണ്ടായി. റേഷൻ നിരക്കിൽ വിതരണം ചെയ്തു വന്ന ഭക്ഷ്യധാന്യങ്ങൾക്ക് പെട്ടെന്ന് വില വർദ്ധനവ് അനുഭവപ്പെട്ടതും |

ഗുണനിലവാരത്തിൽ മെച്ചമല്ലാത്തതും കാരണം ഉപഭോക്താക്കൾ വിമുഖത കാട്ടിയതുകൊണ്ട് പൂർണ്ണമായും വിട്ടെടുക്കാൻ കഴിഞ്ഞില്ല.

| | | | |
|---|---|---|---|
| ഡി) | പൊതു വിപണി വിൽപ്പന പദ്ധതി പ്രകാരം 2009 ഒക്ടോബർ-ഡിസംബർ കാലയളവിൽ കേന്ദ്രം സംസ്ഥാനത്തിനനുവദിച്ച അരിയും ഗോതമ്പുമെത്രയെന്നും ആയതിൽ എത്ര ശതമാനം ഏറ്റെടുത്തുവെന്നും, എത്രത്തോളം വിതരണം നടത്തിയെന്നും വ്യക്തമാക്കുമോ ; | (ഡി) | പൊതു വിപണി വിൽപന പദ്ധതി പ്രകാരം 2009 ഒക്ടോബർ-ഡിസംബർ കാലയളവിൽ വാറ്റു കൂടാതെ കിലോയ്ക്ക് 12.96 രൂപ നിരക്കിൽ 40,660 മെ.ടൺ ഗോതമ്പും വാറ്റു കൂടാതെ പുഴുക്കലരിക്ക് 15.92 രൂപ/15.48 രൂപ എന്നീ നിരക്കിലും പച്ചരി 16.15 രൂപ നിരക്കിലും ആകെ 25,675 മെ.ടൺ അരിയും അനുവദിച്ചു. അതിൽ 23,541 മെ.ടൺ ഗോതമ്പും 70 മെ.ടൺ അരിയും സപ്ലൈകോ മുഖാന്തിരം ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. |
| ഇ) | കേന്ദ്രവിഹിതമായി അനുവദിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്ന പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | കേന്ദ്രവിഹിതമായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് കേരളം കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. 2009-10 വർഷത്തിൽ ഡിസംബർ മാസം വരെ അനുവദിച്ച ഭക്ഷ്യധാന്യങ്ങളിൽ 31 മെ.ടൺ എ.പി.എൽ. ഗോതമ്പ് ഒഴികെ മുഴുവൻ സാധനങ്ങളും വിട്ടെടുക്കുകയുണ്ടായി. കൂടിയ വിലയ്ക്ക് അനുവദിച്ച അരിയും ഗോതമ്പും ഏറ്റെടുത്തു വിതരണം ചെയ്യുന്നതിന് മൊത്ത വ്യാപാരികളോടും ചില്ലറ വ്യാപാരികളോടും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വെട്ടിക്കുറച്ച റേഷനരി അതേ വിലയിലും തോതിലും പുന:സ്ഥാപിക്കണമെന്നും അരിയുടെയും ഗോതമ്പിൻെറയും അകാരണമായി വർദ്ധിപ്പിച്ച വില ഉപേക്ഷിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമ സഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 152 9/3/2010 - ൽ മറുപടിക്ക്

സർവ്വീസ് സംഘടനകളുടെ അംഗീകാരത്തിനായുള്ള ഹിത പരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീ. എൻ. രാജൻ:<br>ശ്രീ. കെ. രാജു: | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>ബഹു. മുഖ്യമന്ത്രി. | |
| എ | സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിത പരിശോധന നടത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; | എ | ഇല്ല |
| ബി | എങ്കിൽ ഹിത പരിശോധനയുടെ നടപടിക്രമങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തുമോ; | ബി | ചോദ്യം ഉദിക്കുന്നില്ല |
| സി | അദ്ധ്യാപക സംഘടനാരംഗത്ത് ഹിത പരിശോധനയുടെ ചട്ടക്കൂട് തയ്യാറാക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആ സമിതിയുടെ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ? | സി | ഇല്ല |

Kayas
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പര്‍ 153

9.3.2010 ല്‍
മറുപടിയ്ക്ക്

**സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്റെ നെല്ല് സംഭരണ പദ്ധതി**

ചോദ്യം
ശ്രീ. മുരളി പെരുനെല്ലി ;
ശ്രീ.സി.കെ.സദാശിവന്‍ ;
ശ്രീമതി.കെ.എസ്.സലീഖ ;
ശ്രീ. സി.കെ.പി.പത്മനാഭന്‍ ;
പ്രൊഫ.സി.രവീന്ദ്രനാഥ് ;

ഉത്തരം
ശ്രീ. സി. ദിവാകരന്‍
(ഭക്ഷ്യവും സിവില്‍ സപ്ലൈസും
മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്റെ നെല്ല് സംഭരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ;

ബി) ഈ സീസണിലെ നെല്ലു സംഭരണത്തിലെ പുരോഗതി വ്യക്തമാക്കുമോ ;

എ) യും ബി) യും

സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ 2005 വര്‍ഷം മുതല്‍ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി കാര്യക്ഷമമാക്കുന്നതിന് വിപുലമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. സംഭരിച്ച നെല്ല് സംസ്ക്കരിച്ച് അരിയാക്കി പൊതുവിതരണത്തിലേയ്ക്ക് നല്‍കുകയാണ് ചെയ്യുന്നത്. അതുവഴി സംസ്ഥാനത്തെ ഏഴുജില്ലകളിലുള്ള ( ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂര്‍, പാലക്കാട്) റേഷന്‍ കാര്‍ഡുടമകള്‍ക്ക് ഗുണമേന്മയും പോഷക ഗുണ വുമുള്ള നാടന്‍ കുത്തരി നല്കി വരുന്നു. ഈ പദ്ധതി പ്രകാരം നെല്ല് നല്കുവാന്‍ ഉദ്ദേശിക്കുന്ന കര്‍ഷകര്‍ സിവില്‍ സപ്ലൈസ് കോര്‍പ്പറേഷനില്‍ രജിസ്റ്റര്‍ ചെയ്യേണ്ടതുണ്ട്. ഇതിനായുള്ള അപേക്ഷാ ഫോറം കൃഷി ഓഫീസുകളില്‍ നിന്നും നല്‍കുകയും, പൂരിപ്പിച്ച അപേക്ഷകള്‍ കൃഷി ഓഫീസുകളില്‍ തന്നെ സ്വീകരിക്കുകയും ചെയ്യാനുള്ള ക്രമീകരണങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്.ആലപ്പുഴ, കോട്ടയം, പത്തനംതിട്ട , തൃശ്ശൂര്‍, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളില്‍ നിന്നുമാണ് നെല്ല് സംഭരിക്കുന്നത്. ഇതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും സപ്ലൈകോ ഏര്‍പ്പാടാക്കിയിട്ടുണ്ട്. സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്റെ നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം, കര്‍ഷകര്‍ക്ക് വില നല്‍കുന്നത് എന്നീ എല്ലാ ഘട്ടങ്ങളും വെബ് സൈറ്റില്‍ കൂടിയുള്ള സോഫ്റ്റ്വെയര്‍ മുഖേന നടത്തി വരുന്നു. ഇത്തരത്തിലുള്ള സംവിധാനം നിലവില്‍ കേരളത്തില്‍ മാത്രമേയുള്ളൂ.

കൃഷി വകുപ്പില്‍ നിന്നും ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ ജോലി ചെയ്യുന്ന 13 പാഡി മാര്‍ക്കറ്റിംഗ് ഓഫീസര്‍മാര്‍ സംഭരണത്തിന്റെ മേല്‍നോട്ടം വഹിക്കുന്നു. സപ്ലൈകോയുമായി രജിസ്റ്റര്‍ ചെയ്ത കര്‍ഷകരുടെ നെല്ല്, കൊയ്ത്ത് കഴിഞ്ഞ് 7 ദിവസത്തിനകം കേന്ദ്ര ഗവണ്‍മെന്റ് നിഷ്കര്‍ഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് നല്‍കിയ കര്‍ഷകരുടെ നെല്ലിന്റെ വില നല്‍കുന്നത്

സംബന്ധിച്ചുള്ള വിവരം വെബ്സൈറ്റിൽ ലഭ്യമായതിനാൽ കർഷകർക്ക് ഇത് ഏതു സമയത്തും കാണാവുന്നതാണ്. നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. ഈ സംവിധാനം മൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തന്നെ വില ലഭിക്കുന്നു. ഈ സംവിധാനം മൂലം കൂടുതൽ കൂടുതൽ കർഷകർ ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. സംഭരണത്തിന്റെ അളവും തദ്വാരാ കേരളത്തിലെ നെല്ല് ഉൽപാദനവും വർദ്ധിച്ചു വരുന്നു. നിലവിൽ ഏകദേശം 63,000 കർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകളെ സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണത്തിന് നൽകാൻ ഏർപ്പാടാക്കിയിട്ടുണ്ട്. ഓരോ മില്ലും സംഭരിച്ച നെല്ലിന്റെ കണക്കുകളും, നെല്ലിന്റെ സംസ്കരണം, അരി ഇൻസ്പെക്ഷന് തയ്യാറാക്കൽ, ഇൻസ്പെക്ഷൻ സംബന്ധിച്ച വിവരങ്ങൾ, അരിയുടെ വില ലഭിക്കുന്നത്, പൊതുവിതരണത്തിന് നൽകുന്നത് എന്നീ വിവരങ്ങൾ വെബ്സൈറ്റിലൂടെ ലഭിക്കുന്നതിന് ഏർപ്പാടാക്കിയിട്ടുണ്ട്. സപ്ലൈകോയുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും ഉദ്യോഗസ്ഥർ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മ അരിയ്ക്കുണ്ടെന്ന് ഉറപ്പുവരുത്തുന്നു. അരി ഇൻസ്പെക്ഷന് വയ്ക്കുന്നത് ബാച്ച് നമ്പറും മറ്റും രേഖപ്പെടുത്തിയിട്ടാണ്. ഒരു ചാക്കിൽ 50 കിലോ പ്രകാരം 400 ചാക്കാണ് ഒരു ബാച്ചിൽ വയ്ക്കുന്നത്. നിലവിൽ നടപ്പ് സീസണിൽ (2009-10 രണ്ടാം സീസൺ) 1.12.09 മുതൽ 20.1.10 വരെ കർഷകരിൽ നിന്നും രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിച്ചു. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. നെല്ല് സംഭരണത്തിന് ആവശ്യമായ 64 മില്ലുകളെ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായി തന്നെ ഏർപ്പാടാക്കിയിട്ടുണ്ട്. ഇതുമൂലം പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും, മില്ലുകാർക്കും, നെല്ല്സംഭരണം ഊർജ്ജിതമാക്കുന്നതിനു വേണ്ടി ഇതുമായി ബന്ധപ്പെട്ടവരുടെ ഏകോപനം നടത്തുന്നതിനും സംഭരണത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മുൻപേ കണ്ട് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിൽ കൊയ്ത്ത് യന്ത്രം വ്യാപകമായി ഉപയോഗിക്കുന്നതുമൂലം ചില ഘട്ടങ്ങളിൽ വളരെയധികം നെല്ല് വരികയും അത്രയധികം നെല്ല് ചുരുങ്ങിയ സമയത്ത് സംഭരിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കാനായി സംഭരണ ശേഷി അധികമുള്ള കൂടുതൽ മില്ലുകളെ ഇതിനായി നിയോഗിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കായൽ പ്രദേശങ്ങളിലും ഇത്തരത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നെല്ലിന്റെ താങ്ങു വിലയായ കിലോയ്ക്ക് ഇൻസെന്റീവ് ഉൾപ്പെടെ 10 രൂപ എന്നത്, സംസ്ഥാന സർക്കാർ 12 രൂപയായി ഉയർത്തിയിട്ടുണ്ട്. സംഭരണ പ്രക്രിയയെ സഹായിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പിൽ നിന്നും 35 കൃഷി അസിസ്റ്റന്റുമാർ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഇതിനോടകം

ലഭ്യമായിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, പണിക്കാർ, തൊഴിൽ പ്രശ്നപരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്കപരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, സംഭരണ,സംസ്കരണ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി ഒരു യോഗം 5.1.2010 ൽ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാവരുടെയും ഒരു യോഗം 28.1.2010ൽ ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ സീസണിൽ (2009-10 രണ്ടാം സീസണിൽ) 28.2.2010 വരെ ആകെ 578278.61 ക്വിന്റൽ നെല്ല് സംഭരിച്ചു കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | നടപ്പുവർഷത്തെ സംഭരണ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ; | സി) | 2009-10 സീസണിൽ 40,00,000 ക്വിന്റൽ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഡിസംബറിൽ അവസാനിച്ച ആദ്യ സീസണിൽ ലക്ഷ്യമിട്ടത് 12,00,000 ക്വിന്റൽ നെല്ല് ആയിരുന്നു. ഇതിൽ 1209375 ക്വിന്റൽ നെല്ല് സംഭരിച്ച് ഈ ലക്ഷ്യം കൈവരിക്കുകയും ചെയ്തു. രണ്ടാം സീസണിൽ 28,00,000 ക്വിന്റൽ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിടുന്നത്. കൊയ്ത്ത് ഊർജ്ജിതമാകുന്ന (peak period) കാലയളവായ മാർച്ച്, ഏപ്രിൽ മാസങ്ങൾക്ക് മുമ്പുതന്നെ 6 ലക്ഷത്തോളം ക്വിന്റൽ നെല്ല് സംഭരിച്ചു കഴിഞ്ഞു. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ കഴിയുന്നതോടെ സംഭരണം ലക്ഷ്യം കവിയുമെന്നാണ് കണക്കാക്കുന്നത്. |
| ഡി) | നെല്ലിന്റെ സംഭരണവില എത്രയാണ് ; കേന്ദ്ര സർക്കാർ നെല്ലു സംഭരണത്തിന് എത്ര രൂപയാണ് അനുവദിക്കുന്നത് ; | ഡി) | സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച താങ്ങുവിലയായ കി.ഗ്രാമിന് 12 രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിച്ചു കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കി. ഗ്രാമിന് ഇൻസെന്റീവ് ഉൾപ്പെടെ 10 രൂപയാണ് അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| ഇ) | കോർപ്പറേഷന്റെ കീഴിൽ എത്ര അരിമില്ലുകൾ പ്രവർത്തിക്കുന്നു ; കൂടുതൽ അരിമില്ലുകൾ ആരംഭി ക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ഇ) | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ അരി മില്ലുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷ നുമായുണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം സ്വകാര്യമില്ലുകളാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കിക്കൊണ്ടിരി ക്കുന്നത്. സപ്ലൈകോയുടെ കീഴിൽ മില്ല് തുടങ്ങുവാനുള്ള നടപടികളൊന്നും നില വിലില്ല. |
| എഫ്) | കർഷകർക്ക് നെല്ലിന്റെ വില കാലതാമസമില്ലാതെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | എഫ്) | കർഷകർക്ക് കാലതാമസം കൂടാതെ നെല്ലി ന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടു കളിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു. കർഷകരുടെ നെല്ലിന്റെ വില കാലതാമസ മില്ലാതെ നൽകുന്നതിനായി ബാങ്കുകളു മായി 250 കോടി രൂപയുടെ ലോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

S. Sreekandra

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 154 09..03..2010 ന് മറുപടിക്ക്

## തടി അധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ

==============================

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ: | ശ്രീ. ബിനോയ് വിശ്വം<br>( വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ) |
| എ). വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിൽ തടി മില്ലുകൾക്കും തടി അധിഷ്ഠിത വ്യവസായങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ ; | എ) ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ തടിമില്ലുകൾക്കും മറ്റ് തടിയധിഷ്ഠിത വ്യവസായങ്ങൾക്കും എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. 30-10-2002 നു മുൻപ് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതായ<br>• വിവിധയിനം തടികൾ ഉപയോഗിക്കുന്ന യൂണിറ്റുകൾക്കും റബ്ബർ തടി മാത്രം ഉപയോഗിക്കുന്ന യൂണിറ്റുകൾക്കും എൻ.ഒ.സി. നൽകാം. എന്നാൽ വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന യൂണിറ്റുകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനിക്കുന്ന ഉചിതമായ കാലയളവിനുള്ളിൽ 5 കിലോമീറ്ററിന് പുറത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയോ അല്ലെങ്കിൽ അടച്ചു പൂട്ടുകയോ ചെയ്യേണ്ടതാണ്.<br>• 30-10-2002 നു മുൻപ് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതും അറക്കവാൾ |

ഉപയോഗിക്കാത്തതുമായ ഫർണിച്ചർ , പെൻസിൽ, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകാം.

2. 30-10-2002 ന് ശേഷമുള്ളതും, അറക്കവാൾ ഉപയോഗിക്കാത്തതുമായ ഫർണിച്ചർ, പെൻസിൽ, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾക്ക് സെൻട്രൽ എംപവേർഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഒറ്റത്തവണ തുകയായ 10,000/- രൂപ ഒടുക്കുന്ന മുറയ്ക്ക് എൻ.ഒ.സി. നൽകാം.

3. 30-10-2002 ന് ശേഷമുള്ള സോമില്ലുകൾക്കും, മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്കും വേണ്ടത്ര അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തിയ ശേഷം മാത്രമേ എൻ.ഒ.സി. നൽകേണ്ടതുള്ളു.

ബി). ലൈസൻസ് നൽകുന്നതിനായി സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

ബി) ഉണ്ട്.

സി) എങ്കിൽ കമ്മിറ്റിയുടെ ഘടന എന്താണ്;

സി) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാൻ ആയും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ ആൻറ് നോഡൽ ഓഫീസർ ) കൺവീനറായും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രാലയത്തിലെ ഒരു പ്രതിനിധി എന്നിവർ അംഗങ്ങളായുമാണ് സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

ഡി) ലൈസൻസിനായി കമ്മിറ്റി മുൻപാകെ ഇപ്പോൾ എത്ര അപേക്ഷകൾ നിലവിലുണ്ട്;

ഡി) എൻ.ഒ.സി.യ്ക്കായി സ്റ്റേറ്റ് ലെവൽ കമ്മിറ്റി മുൻപാകെ 30-4-2009 വരെ ലഭിച്ച 3258 അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അവയിൽ സ്വീകാ

ര്യമായ 3101 അപേക്ഷകളിൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി അവ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ 655 യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകാൻ തീരുമാനമായി. അത്രയും യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകിക്കഴിഞ്ഞു. സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള ഒറ്റത്തവണ തുക ഒടുക്കുന്നതിന് 796 യൂണിറ്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എൻ.ഒ.സി. നൽകുന്നതിനായി കൂടുതൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 925 അപേക്ഷകളിന്മേൽ കത്തുകൾ അയയ്ക്കുകയും ചെയ്തു. ശേഷിക്കുന്ന 208 അപേക്ഷകളി ന്മേൽ എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 30-10-2002 നു ശേഷം ആരംഭിച്ചതും, ആരംഭിക്കുവാനിരിക്കുന്നതുമായ വിവിധയിനം തടികൾ ഉപയോഗിച്ചുള്ള 517 ഈർച്ചമില്ലുകളുടെ എൻ.ഒ.സി.ക്കായുള്ള അപേക്ഷകൾ സംസ്ഥാനത്ത് ലഭ്യമായ തടിയുടെയും നിലവിലുള്ള ഈർച്ച മില്ലുകൾക്ക് ആവശ്യമുള്ള തടിയുടെയും അളവുകൾ തിട്ടപ്പെടുത്തിയശേഷം, സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എൻ.ഒ.സി. നൽകുന്നതിനായി പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 30-04-2009 ന് ശേഷം ലഭിച്ച 3104 അപേക്ഷകൾ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കുന്നതിനായി പരിഗണനയിലുണ്ട്.

ഇ) വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന തടി അധിഷ്ഠിത വ്യവസായങ്ങൾ പുറത്തേയ്ക്ക് മാറ്റണമെന്ന് സുപ്രീംകോട

ഇ) അറക്കവാൾ ഉപയോഗിക്കാത്ത ഫർണിച്ചർ, പെൻസിൽ. തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ ഒഴികെയുള്ള തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ വനാതിർത്തിയിൽ നിന്നും 5 കിലോമീറ്റർ പരിധിക്കു പുറത്തേയ്ക്ക് മാറ്റണമെന്ന് ബഹു. സുപ്രീം കോടതി നിയോ

| | |
|---|---|
| തിയും സെൻട്രൽ എംപവേഡ് കമ്മിറ്റിയും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഗിച്ചിട്ടുള്ള സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ നിബന്ധനയുണ്ട്. |
| എഫ്) ഇപ്പോൾ 5 കിലോമീറ്ററിനുള്ളിൽ തടി അധിഷ്ഠിത വ്യവസായങ്ങൾക്ക് അനുമതി നൽകുന്നുണ്ടോ; | **എഫ്** ) അറക്കവാൾ ഉപയോഗിക്കാത്ത ഫർണിച്ചർ, പെൻസിൽ, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ ഒഴികെയുള്ള തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് വനാതിർത്തിയിൽ നിന്നും 5 കിലോമീറ്റർ പരിധിക്കുള്ളിൽ അനുമതി നൽകുവാൻ സെൻട്രൽ എംപവേർഡ് കമ്മിറ്റി പുറപ്പെടുവിച്ച നിബന്ധനകൾ അനുവദിക്കുന്നില്ല. |
| ജി) നിലവിലുള്ള തടി അധിഷ്ഠിത വ്യവസായങ്ങൾ മാറ്റി സ്ഥാപിക്കുന്നതു മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | **ജി)** വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിൽ നിലവിലുള്ള തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങളിൽ ബഹു. സുപ്രീം കോടതി നിയോഗിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന ഗവൺമെൻറിനു സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 155

09.03.2010ൽ
മറുപടിക്ക്

## ഇ-ഗവേണൻസിന്റെ പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പരിപാടികൾ നടപ്പാക്കാൻ തുടങ്ങിയിട്ട് എത്ര കാലമായി; | എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പരിപാടികൾ നടപ്പാക്കാൻ തുടങ്ങിയിട്ട് ഏകദേശം പത്ത് വർഷമായി. |
| ബി) ഇപ്പോൾ ഏതു തലം വരെ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് ലഭ്യമാക്കിയിട്ടുണ്ട്; | ബി) ജില്ലാ ആസ്ഥാനങ്ങളിലും ബ്ലോക്ക് തലം വരെയുള്ള ഓഫീസുകളിലും കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| സി) ഈ നെറ്റ്‌വർക്ക് ഫലപ്രദമായി ഉപയോഗിക്കാൻ തുടങ്ങിയോ യെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ? | സി) ഈ നെറ്റ്‌വർക്ക് ഫലപ്രദമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 156

09-03-2010 -ൽ മറുപടിയ്ക്ക്

### ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി

**ചോദ്യം**

ശ്രീ. വി.എൻ.വാസവൻ :
ശ്രീ. വി.ജെ.തങ്കപ്പൻ :
ശ്രീമതി. കെ.കെ.ലതിക :
ശ്രീ. എം.എം.മോനായി :
ശ്രീ. എ.എം.യൂസഫ് :

**ഉത്തരം**

ശ്രീ. സി.ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന അളവുകളും തൂക്കങ്ങളും കാലാകാലങ്ങളിൽ പരിശോധിച്ച് കൃത്യതയുടെ സർക്കാർ മുദ്ര പതിപ്പിച്ച് നൽകുക എന്നതാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഇതുകൂടാതെ, വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സാധാരണ പരിശോധനകളും മിന്നൽ പരിശോധനകളും നടത്തി കുറ്റക്കാർക്കെതിരെ അളവുതൂക്ക നിയമ ലംഘനത്തിന് കേസുകൾ എടുക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു.

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ജുവല്ലറികൾ, തുണിക്കടകൾ, ബാറുകൾ, പെട്രോൾ പമ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ ഊർജ്ജിതപ്പെടുത്താൻ വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം

നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ജുവലറികളിൽ നിന്ന് 95 കേസുകളും, തുണിക്കടകളിൽ നിന്ന് 113 കേസുകളും, ഹോട്ടൽ / ബാർ എന്നിവിടങ്ങളിൽ നിന്ന് 2 കേസുകളും, മാർക്കറ്റുകളിൽ നിന്ന് 54 കേസുകളും കണ്ടുപിടിച്ചിട്ടുണ്ട്. സെക്കന്ററി സ്റ്റാൻഡേർഡ് ബാലൻസ് (Secondary Standard Balance) വാങ്ങുക. സ്വർണ്ണത്തിന്റെ ശുദ്ധി ടെസ്റ്റ് ചെയ്യുന്നതിനായി എറണാകുളത്ത് ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബ് (Gold Purity Testing Lab), മൊബൈൽ വെയ്ബ്രിഡ്ജ് കാലിബ്രേഷൻ യൂണിറ്റ് (Mobile Weighbridge Calibration Unit) എന്നീ പദ്ധതികൾ വഴി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ അളവുതൂക്ക കുറ്റകൃത്യങ്ങൾ, പായ്ക്കറ്റ് ഉല്പന്നങ്ങൾക്ക് അധികവില ഈടാക്കൽ തുടങ്ങിയ എത്ര കേസുകൾ കണ്ടെത്തി എന്ന് വെളിപ്പെടുത്തുമോ ;

(ബി) 2009 ഏപ്രിൽ മുതൽ 2010 ജനുവരി വരെയുള്ള കാലഘട്ടത്തിൽ അളവ്തൂക്കത്തിലെ കുറ്റകൃത്യങ്ങൾക്ക് 9480 കേസുകൾ കണ്ടെത്തി 6506100/- രൂപ രാജി ഫീസ് ഈടാക്കിയിട്ടുണ്ട്. പായ്ക്കറ്റ് ഉൽപന്നങ്ങൾക്ക് അധിക വില ഈടാക്കൽ തുടങ്ങിയവ സംബന്ധിച്ച് 2850 കേസുകൾ കണ്ടെത്തുകയും 15517550/- രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) മുദ്രവയ്ക്കാത്ത അളവുതൂക്ക ഉപകരണങ്ങൾ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. മുദ്ര ചെയ്യാത്ത ഉപകരണങ്ങൾ

കണ്ടെത്തി പിഴ ഈടാക്കി വീണ്ടും മുദ്ര ചെയ്ത് നൽകുന്നു.

മുദ്ര വയ്ക്കാത്ത അളവുതൂക്ക ഉപകരണങ്ങൾ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് 2009 ജനുവരി മുതൽ 2010 ഫെബ്രുവരി വരെ ആകെ 13577/- കേസുകൾ കണ്ടെത്തി 6594305/- രൂപ രാജിഫീസ് ഈടാക്കിട്ടുണ്ട്.

| | |
|---|---|
| (ഡി) ആധുനിക അളവുതൂക്ക ലബോറട്ടറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിനു സമർപ്പിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ ; പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) ആധുനിക അളവുതൂക്ക ലബോറട്ടറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ധന വിതരണ ഉപകരണങ്ങളും അളവുതൂക്കങ്ങളും പരിശോധിക്കുന്നതിനുള്ള മൊബൈൽ കിറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച ഒരു പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. എന്നാൽ 11-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലീഗൽ മെട്രോളജി വകുപ്പിന് 6 വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറികളും 2 സെക്കന്ററി സ്റ്റാൻഡേർഡ് ലാബുകളും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 157 9/3/2010 - ൽ മറുപടിക്ക്

ആശ്രിത നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജയരാജൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി:<br>ശ്രീ. എ. പ്രദീപ് കുമാർ: | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>ബഹു: മുഖ്യമന്ത്രി. | |
| എ | സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന പദ്ധതിപ്രകാരം നിയമനം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | ആശ്രിത നിയമനത്തിന് അർഹരായ എത്ര പേർ നിയമനം കാത്ത് കഴിയുന്നു എന്ന് വ്യക്തമാക്കുമോ; | ബി | സെക്രട്ടേറിയറ്റിലെ പൊതുഭരണ (സി.ഇ) വകുപ്പിൽ 643 അപേക്ഷകർ ആശ്രിത നിയമനം പ്രതീക്ഷിച്ചു നിൽക്കുന്നു. വകുപ്പു തലവൻമാരിൽ നിന്നും ജില്ലാ കളക്ടർ മാരിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. |
| സി | ആശ്രിത നിയമനം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; | സി + ഡി | ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വിവാഹിതരായ മകൻ/മകൾ എന്നിവരെ ആശ്രിതർ എന്ന വിഭാഗത്തിൽപ്പെടുത്തി നിയമനം നൽകുന്നതിനും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി | ആശ്രിത നിയമനം നൽകുന്ന പദ്ധതിയിൽ ആശ്രിതരുടെ കൂട്ടത്തിൽ വിവാഹിതരായ മകൻ/മകൾ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158 9-03-2010 ന് മറുപടിക്ക്

### മതികെട്ടാൻ ദേശീയോദ്യാനത്തിൽ പട്ടയ ഭൂമിക്കുള്ള അവകാശവാദം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>" അടൂർ പ്രകാശ്:<br>" ജി. കാർത്തികേയൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മതികെട്ടാൻ ദേശീയോദ്യാനത്തിന്റെ വിസ്തൃതിയെത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) 1281.7419 ഹെക്ടറാണ് മതികെട്ടാൻ ഷോല ദേശീയോദ്യാനത്തിന്റെ വിസ്തീർണ്ണം. |
| (ബി) പ്രസ്തുത ദേശീയോദ്യാനത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയിൽ എത്ര പേർക്ക് പട്ടയ ഭൂമിയുള്ളതായാണ് അവകാശവാദം ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 49 പേർ പട്ടയഭൂമി ഉണ്ടെന്ന് അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. |
| (സി) ഇവരിൽ എത്രപേർ കോടതിയെ സമീപിച്ചു; | (സി) മേൽ പ്രതിപാദിച്ച 49 പേരും കോടതിയെ സമീപിച്ചിട്ടുണ്ട്. |
| (ഡി) ആരുടെയെല്ലാം അവകാശവാദമാണ് കോട്ടയം ജില്ലാ കോടതി അംഗീകരിച്ചിട്ടുള്ളത്; | (ഡി) കോട്ടയം ജില്ലാ കോടതി ആരുടെയും അവകാശവാദം അംഗീകരിച്ചിട്ടില്ല. അവകാശവാദം ഉന്നയിച്ചിട്ടുള്ളവരിൽ ഒരാളായ ശ്രീമതി. സുമാജോണിയും മറ്റുള്ളവരും കട്ടപ്പന സബ്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ. എസ്. 137/02 നമ്പർ കേസ് സർക്കാരിന് അനുകൂലമായി വിധിച്ചിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ പരാതിക്കാർ തൊടുപുഴ ജില്ലാ കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ.എസ്.135/05 നമ്പർ കേസ് പരാതിക്കാർക്ക് അനുകൂലമായി വിധിച്ചിട്ടുണ്ട്. |

-----------2

| | |
|---|---|
| (ഇ) അതിന് വിധിന്യായത്തിൽ (ഇ) പറഞ്ഞിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണ്; | തൊടുപുഴ ജില്ലാ കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ താഴെ പറയുന്ന കാരണങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്.<br>1. കോടതിയിൽ കേസ് നിലനിൽക്കെ പട്ടയം റദ്ദ് ചെയ്ത ഇടുക്കി ജില്ലാകളക്ടറുടെ നടപടി ശരിയല്ല.<br>2. 1935 ലെ കാർഡമം റൂൾസിന് അനുസൃതമായല്ല സർക്കാർ പട്ടയം റദ്ദ് ചെയ്തത്.<br>3. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പട്ടയം ക്യാൻസൽ ചെയ്യുന്നതിന് മുൻപായി കാർഡമം റൂൾസ് ലംഘനത്തിന് കക്ഷികൾക്ക് നോട്ടീസ് നൽകിയില്ല.<br>4. ഒ.പി. 5319/03 ൽ ബഹു. കേരളാ ഹൈക്കോടതിയിൽ നിന്ന് കക്ഷികൾക്ക് അനുകൂലമായുണ്ടായിട്ടുള്ള വിധി.<br>5. ടി വിധിയിൻമേൽ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്. എൽ. പി യിൽ ഉണ്ടായ ഇടക്കാല ഉത്തരവോ അന്തിമ വിധി തീർപ്പോ ഹാജരാക്കിയിട്ടില്ല.<br>6. ഒ.എസ്. കേസ് പരിഗണിക്കവേ റവന്യൂ അധികാരികളെ വിസ്തരിച്ചിരുന്നില്ല. |
| (എഫ്) ദേശീയോദ്യാന പ്രഖ്യാപന (എഫ്) ത്തിൽ സാങ്കേതിക ന്യൂനതകൾ ഉണ്ടായിട്ടുള്ള പക്ഷം അതിന് പരിഹാരമുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ? | ദേശീയോദ്യാന പ്രഖ്യാപനത്തിൽ സാങ്കേതിക ന്യൂനതകൾ ഉണ്ടായിട്ടില്ല. ഇപ്പോൾ ഉണ്ടായിട്ടുള്ള തൊടുപുഴ ജില്ലാകോടതിയുടെ എ.എസ്.113/2005 കേസ്സിലെ വിധിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ആർ. എസ്. എ. നം. 82/2010 കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: *159

9.3.2010 - ൽ മറുപടിയ്ക്ക്

### വികസന പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: കെ.പി.മോഹനൻ<br>ശ്രീ. എം.കെ.പ്രേംനാഥ്<br>ശ്രീ. എം. വി.ശ്രേയാംസ് കുമാർ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ കണക്ക് പ്രകാരം വികസന പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് എത്രാമത്തെ സ്ഥാനമാണെന്ന് വെളിപ്പെടുത്തുമോ; | എ) വികസന പദ്ധതികളുടെ നടത്തിപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ സംസ്ഥാനങ്ങളെ റാങ്കിംഗ് നടത്താറില്ല. |
| ബി) വികസന പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | ബി) എല്ലാ മാസവും സെക്രട്ടറിമാരുടെ യോഗത്തിൽ ചീഫ് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുകയും പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ് തിട്ടുണ്ട്. സെക്രട്ടറിമാർ വകുപ്പദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ച് പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനം നടത്തുകയും പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രിയും കാലാകാലങ്ങളിൽ പദ്ധതി പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 160 — 09.03.2010-ൽ മറുപടിയ്ക്ക്

## നാട്ടാനകൾക്ക് നേരെയുള്ള പീഡനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബുപോൾ<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. കെ. അജിത് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ. നാട്ടാനകൾക്ക് നേരെയുള്ള പീഡനവും അവയുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയും സ്വത്ത് നാശവും തടയുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ. നാട്ടാനകൾക്ക് നേരെയുള്ള പീഡനവും അവയുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയും സ്വത്ത് നാശവും തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2003- ലെ നാട്ടാന പരിപാലന ചട്ടങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരേയും താലൂക്ക് തലത്തിൽ റെയിഞ്ചാഫീസർമാരേയും ചുമതലപ്പെടുത്തുകയുണ്ടായി.<br><br>കേരളത്തിലെ നാട്ടാനകളുടെ എണ്ണത്തെയും അവയുടെ കൈവശക്കാരെയും സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ നാട്ടാനകളെയും തിരിച്ചറിയുന്നതിനായി അവയ്ക്ക് മൈക്രോചിപ്പ് ഘടിപ്പിക്കണമെന്നും ആനകളെ അതിനായി ജില്ലാ കളക്ടർമാരുടെ മുന്നിൽ ഹാജരാക്കണമെന്നും |

11.4.2007 ൽ ബഹു. വനം-ഭവന നിർമ്മാണ വകുപ്പ്, ആഭ്യന്തരം, റവന്യൂ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട വരുടെ യോഗത്തിൽ തീരുമാനമെടുത്തു. തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും കളക്ടർമാരെ സഹായിക്കുന്നതിനായി ഓരോ ഡി.എഫ്.ഒ. -മാരെ ചുമതലപ്പെടുത്തുകയുണ്ടായി. നാളിതുവരെ 702 നാട്ടാനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്.

ഉത്സവ സ്ഥലങ്ങളിലും ആഘോഷ പരിപാടികളിലും ആനകളെ അണിനിരത്തു മ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളും പാലിക്കേണ്ട നടപടിക്രമങ്ങളും സംബന്ധിച്ച് 6.6.2007 ൽ 27401 /G2/07/RD നമ്പർ സർക്കുലർ പ്രകാരം റവന്യൂ വകുപ്പ് വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഓരോ ജില്ലയിലെയും എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇ2-5445 / 2008 നമ്പരായി 18.2.2008 ൽ മൃഗസംരക്ഷണ വകുപ്പ് എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

വനം, ആഭ്യന്തരം, റവന്യൂ, മൃഗസംരക്ഷണം, ഫയർ ആന്റ് റെസ്ക്യൂ വിഭാഗം എന്നീ വകുപ്പുകളുടെ ഏകോപനം ഈ വിഷയത്തിൽ ആവശ്യമാണെന്ന് കണ്ട് അത് ഉറപ്പുവരുത്തുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശം 19689 / F2/2007/F&WLD നമ്പരായി 1.3.2008 ൽ വനം പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്.

അതനുസരിച്ച് ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന്

ഓരോജില്ലയിലെയും കളക്ടർ ചെയർമാനായും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കൺവീനറായും ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്.

ബഹു. വനം ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.3.2008 ൽ വിവിധ ആനതൊഴിലാളി, ആനഉടമാ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രതിനിധികൾ തുടങ്ങിയവരുമായി കൂടിയാലോചിച്ച് ആനപാപ്പാൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

നടപടികൾ വിലയിരുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി 14.5.2008 ൽ ബഹു. വനം ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സഹകരണ-ദേവസ്വം മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 5.12.2008 ലും 26.2.2009 ലും വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വിവിധ സംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആനപ്രേമികൾ, ക്ഷേത്രഭാരവാഹികൾ എന്നിവരുടെ യോഗം വിളിച്ചുചേർക്കുകയു ണ്ടായി. മേൽ യോഗതീരുമാനങ്ങൾ ദേവസ്വം ബോർഡുകളുടേയും ദേവസ്വം മാനേജിങ് കമ്മിറ്റികളുടെയും, ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെയും കീഴിലുള്ള ക്ഷേത്രങ്ങളിൽ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശം ദേവസ്വം വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

5.12.2008 ൽ ബഹു. വനം-ഭവന നിർമ്മാണ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കൂടുതൽ ആനകളെ ഉപയോഗപ്പെടുത്തുന്ന / ഉൽസവ ബാഹുല്യമുള്ള ജില്ലകളിൽ കളക്ടർ ചെയർമാനും, ബന്ധപ്പെട്ട ഡി.എഫ്.ഒ. കൺവീനറുമായും ജില്ലാ പോലീസ് സൂപ്രണ്ട്, ~~ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർ, ആന~~

ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർ, ആന ഉടമകൾ, ആനപാപ്പാന്മാർ, ആനപ്രേമി തുടങ്ങിയ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ നാട്ടാന ക്ഷേമ സമിതി രൂപീകരിക്കാൻ തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളാ നാട്ടാന പരിപാലന ചട്ടം കർശനമായും നടപ്പിലാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട വനം, റവന്യൂ, പോലീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

ഉത്സവ സംഘാടകർ, ആന ഉടമസ്ഥർ, ആന പരിപാലകർ എന്നിവരെ ബോധവൽക്കരിക്കുന്ന തിനും പൊതുജന ശ്രദ്ധ ആകർഷിക്കുന്നതിനുമായി പത്രക്കുറിപ്പുകൾ നൽകിയിട്ടുണ്ട്.

നാളിതുവരെ 980 പാപ്പാന്മാർക്ക് ഗജപരിപാലന ത്തിൽ വിദഗ്ദ്ധവും ശാസ്ത്രീയവുമായ പരിശീലനം നൽകിയിട്ടുണ്ട്.

പ്രായമായതും അവശനിലയിലുള്ളതുമായ ആനകളെ പുഃനരധിവസിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം നെയ്യാർ ഡാമിനടുത്ത് കോട്ടൂരിൽ പ്രവർത്തനം ആരംഭിച്ചു.

നാട്ടാനകൾ പീഢിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങൾ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

ആന ഇടഞ്ഞുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കത്തക്ക രീതിയിൽ നാട്ടാനകൾക്ക് വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് മാതൃകയിൽ ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കി.

ഉത്സവപ്പറമ്പുകളിലും മറ്റ് ആഘോഷങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗ[illegible] [illegible] പങ്കെടുപ്പിച്ചുകൊണ്ട് 15.12.2009 ൽ വനം വകുപ്പ് ആസ്ഥാനത്ത് ബോധവത്ക്കരണ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

നാട്ടാനകളെ സംബന്ധിക്കുന്ന ഏറ്റവും പുതിയ സ്ഥിതി വിവര കണക്കുകൾ ഓരോ ജില്ലയിലേയും ബന്ധപ്പെട്ട ഡി.എഫ്.ഒ മാർ മുഖാന്തിരം ശേഖരിച്ചു വരുന്നു. ഇത് എല്ലാ വർഷവും നടത്താനാണ് ഉദ്ദേശിക്കുന്നത്.

നാട്ടാന പരിപാലന ചട്ടങ്ങൾ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി അഡീഷണൽചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ അദ്ധ്യക്ഷനായി വനം, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചു. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| **ബി.** സംസ്ഥാനത്തെ നാട്ടാനകൾക്ക് സ്റ്റഡ് ബുക്കും പാപ്പാന്മാർക്ക് തിരിച്ചറിയൽ കാർഡും നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; | **ബി.** ഉണ്ട് |
| **സി.** ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ? | **സി.** 2003 ലെ കേരള നാട്ടാന പരിപാലന ചട്ടങ്ങൾ സുഗമമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വനം-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5.12.2008 ന് വനം വകുപ്പ് ആസ്ഥാനത്ത് ചേർന്ന യോഗത്തിൽ നാട്ടാനകൾക്ക് സ്റ്റഡ് ബുക്കും ആനപ്പാപ്പാന്മാർക്ക് തിരിച്ചറിയൽ |

കാർഡും ഏർപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബുക്ക് (സ്റ്റഡ് ബുക്ക്), പാപ്പാന്മാർക്കുള്ള തിരിച്ചറിയൽ കാർഡ്, എന്നിവയുടെ മാതൃക തയ്യാറാക്കുകയുണ്ടായി. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 161

09.03.2010-ൽ
മറുപടിയ്ക്കു്

## "മലബാർ ദേവസ്വം ബോർഡ്"

ചോദ്യം
ശ്രീ.എം.ചന്ദ്രൻ
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീ.എ.പ്രദീപ്കുമാർ
ശ്രീ.വി.ശശികുമാർ.

<u>ഉത്തരം</u>
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച ശേഷം പുതുതായി ആവിഷ്കരിച്ച വികസന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) മലബാർ ദേവസ്വം ബോർഡിന്റെ ഹെഡ് ഓഫീസിനും, അഞ്ച് ഡിവിഷണൽ ഓഫീസുകൾക്കും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ക്ഷേത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡിന്റെ ആസ്ഥാന ഓഫീസും, ഡിവിഷണൽ ഓഫീസുകളും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് സിഡിറ്റിനെ ഏൽപ്പിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയായാൽ ബോർഡിന്റെ പരിധിയിലുള്ള മുഴുവൻ ക്ഷേത്രങ്ങളെ സംബന്ധിച്ചും, ജീവനക്കാർ, വഴിപാടുകൾ, വരുമാനം എന്നിവ സംബന്ധിച്ചും ഉള്ള വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാക്കും. ഉൾപ്രദേശങ്ങളിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെടുന്നതിനും മറ്റുമായി ഓരോ ഡിവിഷനുവേണ്ടിയും ഓരോ വാഹനം വാങ്ങുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളം 28.02.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 116/2009/ആർ.ഡി പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ

പെയ്ഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളം 04.02.2010 ലെ സർക്കാർ ഉത്തരവ് (പി) 41/2010/ആർ.ഡി പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെയും, മലബാറിലെ സ്വകാര്യ ക്ഷേത്രങ്ങളുടെയും ജീർണ്ണോദ്ധാരണത്തിനും, പുനർനിർമ്മാണത്തിനും, ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 5,40,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ജീർണ്ണോദ്ധാരണ പ്രവൃത്തികൾ ആവശ്യമുള്ളതും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷേത്രങ്ങൾക്കാണ് ഗ്രാന്റ് അനുവദിക്കുന്നത്.ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ നിശ്ചിത സമയത്തിനകം ക്ഷേത്രങ്ങളിൽനിന്നും മലബാർ ദേവസ്വം ബോർഡിന് നൽകേണ്ടതുണ്ട്. |
| (സി) | ഈ ഇനത്തിൽ ഈ വർഷം എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്; | (സി) | ഈ ഇനത്തിൽ മലബാർ ദേവസ്വം ബോർഡ് ഈ വർഷം 2 കോടി 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ദേവസ്വം സ്വത്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | മലബാർ ദേവസ്വം ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ മലബാറിലെ ദേവസ്വങ്ങളുടെ ഭൂസ്വത്ത് സംരക്ഷിക്കുക, ഭൂമി കയ്യേറ്റം തടയുക, അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കുക എന്നീ ആവശ്യങ്ങൾക്കായി ഒരു സ്പെഷ്യൽ ടീം പ്രവർത്തിച്ചിരുന്നു.<br>മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായ ശേഷം ടി പ്രവർത്തനങ്ങൾക്കായി ബോർഡ് ആസ്ഥാനത്ത് ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടി യൂണിറ്റ് നിലവിൽ വന്നുകഴിഞ്ഞാൽ ക്ഷേത്രഭൂമി സംരക്ഷിക്കുനനതിന് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ബോർഡ് രൂപീകരിച്ചതിനു ശേഷം ദേവസ്വം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച ശേഷം 28.02.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 116/2009/ആർ.ഡി ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01.03.2009 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.<br>04.02.2010 ലെ സർക്കാർ ഉത്തരവ് (പി) നം.41/2010/ആർ.ഡി ഉത്തരവു പ്രകാരം മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ പെയ്ഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളവും പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. |

Snlalhaon

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 162

09/03/2010 - ൽ
മറുപടിക്ക്

## റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. വിശ്വൻ :<br>ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | <u>(എ) യും (ബി) യും</u><br><br>ഗുണനിലവാരം കുറവാണെന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ ഒരു കാരണവശാലും എഫ്.സി.ഐ. ഡിപ്പോകളിൽ നിന്ന് വിട്ടെടുക്കരുത് എന്ന് ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. |
| സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച അരിയും ഗോതമ്പും പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രം അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ ഏതാണ്ട് പൂർണ്ണമായും തന്നെ വിട്ടെടുത്തിട്ടുണ്ട്. എന്നാൽ 2006-2007 വർഷത്തിൽ എ.പി.എൽ. അരിയുടെ അലോട്ട്മെന്റിൻെറ 12.6% മാത്രമേ വിട്ടെടുക്കാൻ സാധിച്ചുള്ളൂ. പൊതു വിപണിയിലെ ഗുണനിലവാരം പുലർത്താൻ റേഷൻ സാധനങ്ങൾക്ക് കഴിയാതിരുന്നതാണ് വിട്ടെടുക്കൽ അളവ് കുറയുന്നതിനു കാരണം. 2007 ഏപ്രിൽ മുതൽ കേന്ദ്രം എ.പി.എൽ അരിയുടെ അലോട്ട്മെന്റിൽ കാര്യമായ വെട്ടിക്കുറവ് വരുത്തുകയും പൊതു വിപണിയിലെ വില തത്ഫലമായി കൂടുകയും ചെയ്തു. മേൽ കാലയളവിൽ കേന്ദ്രം അനുവദിച്ച മുഴുവൻ അരിയും ഗോതമ്പും വിട്ടെടുക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| ഡി) | കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന ഗുണനിലവാരം കുറഞ്ഞതും വില കൂടിയതുമായ അരി വിറ്റഴിക്കാൻ സാധിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ; | (ഡി) | കേന്ദ്രം അനുവദിച്ച ഉയർന്ന വിലയുള്ള അരി വിറ്റഴിക്കാൻ പ്രയാസം നേരിടുകയാണ്. 2009 ഓണക്കാലത്ത് സ്പെഷ്യൽ ക്വാട്ടയായി ഉയർന്ന വിലയ്ക്ക് അനുവദിച്ചിരുന്ന 35,000 മെ.ടൺ അരിയിൽ 31,915 മെ.ടൺ മാത്രമാണ് വിട്ടെടുത്തത്. 3,085 മെ.ടൺ വിട്ടെടുക്കാൻ സാധിച്ചില്ല. 2010 ജനുവരി-ഫെബ്രുവരി മാസങ്ങളിലേക്ക് അനുവദിച്ചിരുന്ന 16.20 രൂപ വിൽപന വിലയുള്ള 92,114 മെ.ടൺ അരി വിട്ടെടുക്കുന്നതിനുള്ള കാലാവധി 2010 മാർച്ച് 31 വരെയാണ്. റേഷൻ ഇനത്തിൽ വിതരണം ചെയ്യുന്ന അതേ അരി ഉയർന്ന വിലയ്ക്ക് വാങ്ങാൻ ആളുകൾ വിമുഖത കാണിക്കുന്നതിനാൽ മിക്കവാറും ജില്ലകളിൽ വളരെക്കുറച്ച് അരി മാത്രമേ വിട്ടെടുക്കുന്നുള്ളൂ. |
| ഇ) | പ്രസ്തുത അരിക്ക് സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഇ) | ഈ അരിയ്ക്ക് സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 163 09 - 03 - 2010 ൽ മറുപടിക്ക്

## നോർക്ക നൽകുന്ന സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ. പി. ടി. എ. റഹീം:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) വിദേശത്ത് പണിയെടുക്കുന്ന കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നോർക്ക വഴി നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ ;<br><br>(ബി) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് കരാർ പ്രകാരമുള്ള ശമ്പളവും മറ്റു ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് നോർക്ക സഹായം നൽകാറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ & ബി) വിദേശത്ത് വച്ച് ജയിലിലാവുകയോ കാണാതാവുകയൊ കഷ്ടപ്പെടുകയൊ ചെയ്യുന്ന പ്രവാസി മലയാളികളെ തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ വിദേശ രാജ്യങ്ങളിൽ വച്ച് തൊഴിലുടമയുടെ ഭാഗത്തുനിന്നുണ്ടാകുന്ന പീഡനം, സേവന വേതന വ്യവസ്ഥകളിലെ പ്രശ്നങ്ങൾ , ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ , എന്നിങ്ങനെ ഓരോ കേസിന്റേയും വ്യത്യസ്തവും പ്രധാനവുമായ വസ്തുതകൾ എംബസ്സികളുടെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രശ്ന പരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. കൂടാതെ വിദേശത്ത് പണിയെടുക്കുന്ന കേരളീയർക്ക് അവർ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങളും ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. |

(സി) അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം തടയുന്നതിന് നോർക്ക നടപടി സ്വീകരിക്കുമോ ;

(സി) അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എല്ലാ അംഗീകൃത റിക്രൂട്ടിംഗ് ഏജന്റുമാരുടെയും വിശദവിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുകയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുകയും അനധികൃത റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

(ഡി) വിദേശ മലയാളികളുടെ സെൻസസ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) വിദേശത്തേയ്ക്ക് യാത്രയാകുന്നതും വിദേശത്തു നിന്നും തിരിച്ചു വരുന്നതുമായ മലയാളികളുടെ വിവരങ്ങൾ നോർക്ക റൂട്ട്സിന് അല്ലെങ്കിൽ നോർക്ക വകുപ്പിന് ലഭ്യമാക്കണമെന്ന നിയമപരമായ നിബന്ധനയില്ലാത്തതിനാലും കൂടാതെ എമിഗ്രേഷൻ സംബന്ധമായ എല്ലാ രേഖകളും വിവരങ്ങളും സൂക്ഷിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാലും വിദേശ മലയാളികളുടെ സമ്പൂർണ്ണ സെൻസസ് കണക്കാക്കാനുള്ള നടപടികൾ ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായമെന്നോണം തിരുവനന്തപുരത്തെ റിസർച്ച് സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം 1998, 2003, 2007, 2008 എന്നീ വർഷങ്ങളിലായി പ്രവാസികളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. ഇതിൽ 2008 വരെയുള്ള അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *164. 09.03.2010-ൽ മറുപടിയ്ക്ക്

## ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സ്

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) ശാസ്ത്ര ഗവേഷണ രംഗം പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് ഈയിടെ സമാപിച്ച ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സ് എന്തെങ്കിലും ശുപാർശകൾ മുന്നോട്ട് വെച്ചതായി അറിവുണ്ടോ; | (എ) | 2010 ജനുവരി 3 മുതൽ 7 വരെ തിരുവനന്തപുരത്തു വച്ചു നടന്ന ഇന്ത്യൻ സയൻസ് കോൺഗ്രസ്സ് സംഘടിപ്പിച്ചത് കേന്ദ്ര സർക്കാരായിരുന്നു. ഇതിന്റെ ശുപാർശകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 165

09.03.2010 ൽ മറുപടിയ്ക്ക്

## കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) | |
| (എ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ 101 തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. |
| (ബി) | കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ വർഷം പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | 101 തസ്തികകൾ സൃഷ്ടിച്ചു |
| (സി) | പി.എസ്.സി. ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) | ഉണ്ട്.<br>ഇതു കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ഡി) | സമാന അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുള്ള ജോലിയ്ക്ക് പൊതുപരീക്ഷ നടത്തുന്ന കാര്യം പി.എസ്.സി. പരിഗണിക്കുമോ ? | (ഡി) | സമാന അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികയ്ക്ക് പൊതു പരീക്ഷ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 166 — 09.03.2010 ൽ മറുപടിയ്ക്ക്

## കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. കാലാവസ്ഥാ വ്യതിയാനത്തിനുള്ള മുഖ്യ കാരണം ആഗോളതലത്തിൽ വിവിധ മേഖലകളിൽ നിന്നുള്ള കാർബൺ ബഹിർഗമനമാണെന്നാണ് നിഗമനം. ഇതു സംബന്ധിച്ച ഒരു ദേശീയ കണക്കനുസരിച്ച് ഇന്ത്യയുടെ കാർബൺ ബഹിർഗമനത്തിന്റെ ആളോഹരിത്തോതും ആളോഹരി ഊർജ്ജോപയോഗത്തോതും മറ്റു വികസിത രാജ്യങ്ങളായ അമേരിക്ക, ചൈന, ജപ്പാൻ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവാണെന്നു കാണുന്നു. ഈ വിലയിരുത്തലിൽ നിന്നും ആഗോളതാപനവുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്തിന്റെ ഓഹരി തുലോം കുറവാണെന്നു കാണാം. എങ്കിലും സുസ്ഥിര വികസനം ലക്ഷ്യമാക്കി രാജ്യത്തിന്റെ വികസനത്തെ ബാധിക്കാത്ത രീതിയിൽ എല്ലാ മേഖലകളിലും ഊർജ്ജക്ഷമത കൈവരിക്കുക എന്നതാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. കൂടാതെ കാലാവസ്ഥാ വ്യതിയാനം ഉൾക്കൊള്ളാനാവുന്ന വിധം വിവിധ മേഖലകളെ സജ്ജമാക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. |

കേരള സർക്കാർ 2008 ൽ രൂപീകരിച്ച വിദഗ്ദ്ധ സമിതി കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് പഠനങ്ങളുടെ വെളിച്ചത്തിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുകയും പ്രസ്തുത പദ്ധതികൾക്ക് 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) താപനിലയിലെ വർദ്ധനവ് പഠനവിധേയമാക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ആഗോളതാപനം മൂലമുണ്ടാകുന്ന താപനിലയിലെ വർദ്ധനവ് മൂലം സംസ്ഥാനത്തെ വിവിധ മേഖലകളിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിക്കാമെന്നും അവ ഉൾക്കൊള്ളുന്നതിനും ആഘാത തീവ്രത കുറയ്ക്കുന്നതിനും എന്തൊക്കെ ചെയ്യാനാകുമെന്ന് പഠനം നടത്തുന്നതിനുമുള്ള നടപടികൾ കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. മൂന്നാർ-ലക്ഷദ്വീപ് മേഖലയെക്കുറിച്ച് പഠിക്കുന്നതിനുള്ള നടപടികൾക്ക് ഭൗമശാസ്ത്ര പഠനകേന്ദ്രത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു.

(സി) താപനില ഉയർന്നതു മൂലം കടൽനിരപ്പ് ഉയർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനം മൂലം കടൽനിരപ്പ് ഉയരാനുള്ള സാധ്യതയുണ്ടെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിലെ കടൽനിരപ്പ് വർഷത്തിൽ 1.7 മില്ലി മീറ്റർ എന്ന തോതിൽ ഉയരുന്നുണ്ടെന്നാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയുടെ പഠനറിപ്പോർട്ടുകളിൽ പറയുന്നത്.

| | | | |
|---|---|---|---|
| (ഡി) | കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ലഘൂകരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് എടുത്തിട്ടുള്ളത്; | (ഡി) | അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളുന്ന കാർബൺ തോത് കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം ഉൾക്കൊള്ളുന്നതിന് വിവിധ മേഖലകളെ സജ്ജമാക്കുന്നതിനും വിവിധ വകുപ്പുകൾ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് വിവിധ പദ്ധതികൾ പരിസ്ഥിതി സന്തുലിതമായ വികസനം ലക്ഷ്യമാക്കി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി പ്രവർത്തിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭവിഷ്യത്തുകൾ നേരിടുന്നതിനായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ എട്ടോളം ദൗത്യങ്ങൾ (Mission) ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കർമ്മ പദ്ധതികൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളിലൂടെ നടപ്പാക്കി വരുന്നു. |
| (ഇ) | ഇതു സംബന്ധിച്ച് വിശദമായ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുമോയെന്ന് വെളിപ്പെടുത്തുമോ? | | നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നടത്തി വരുന്ന വിവിധ പരിസ്ഥിതി ബോധവൽക്കരണ പരിപാടികളിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയങ്ങൾ മുഖ്യമായും ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ വിവിധ സന്നദ്ധ സംഘടനകൾ, കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവ മുഖാന്തിരം ഇതുമായി ബന്ധപ്പെട്ട സെമിനാർ, ശില്പശാല എന്നിവയ്ക്കുള്ള ധനസഹായവും നൽകി വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ

---

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 167 | 09.03.2010 ൽ മറുപടിയ്ക്ക്

## ആഗോളതാപനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.ബാബു പോൾ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീമതി.ഇ.എസ്.ബിജി മോൾ<br>ശ്രീ.എ.കെ.ചന്ദ്രൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ആഗോള താപനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനായി താപനത്തിന് കാരണമാകുന്ന ഗ്രീൻഹൗസ് വാതകങ്ങളുടെ അളവ് കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിന് വിവിധ മേഖലകളെ സന്നദ്ധമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘുകരിക്കുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾക്കായി 2009 ജനുവരി 19 മുതൽ 21 വരെ ' ആഗോളതാപനവും കേരളത്തിൽ അതിന്റെ പ്രത്യാഘാതങ്ങളും' എന്ന വിഷയത്തിൽ ദേശീയ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.<br>പരമാവധി പൊതുജന പങ്കാളിത്തം വഴി വൃക്ഷവൽക്കരണ പരിപാടികൾ വനം വകുപ്പ് മുഖേന നടത്തി വരുന്നു. 2009-10 സാമ്പത്തിക വർഷത്തിൽ 45 ലക്ഷം വൃക്ഷത്തൈകൾ വനം വകുപ്പ് നട്ടു പിടിപ്പിച്ചിട്ടുണ്ട്. വനേതര പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നട്ടു പിടി |

പ്പിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ 'എന്റെ മരം', 'വഴിയോരത്തണൽ', 'ഹരിതതീരം', 'നമ്മുടെ മരം', 'ഹരിതകേരളം' എന്നീ പദ്ധതികൾ വനം വകുപ്പ് നടപ്പാക്കി വരുന്നു. ഈ പദ്ധതികൾ പ്രകാരം ആകെ 75.21 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും 32.61 ലക്ഷം തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഭൗമശാസ്ത്രപഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പുതിയ ഗവേഷണ പദ്ധതിക്ക് തുടക്കം കുറിച്ചു. കൂടാതെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള ഗവേഷണ പദ്ധതികൾ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നടന്നു വരുന്നു.

കേരള സർക്കാർ 2008 ൽ രൂപീകരിച്ച വിദഗ്ധ സമിതി കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുകയും പ്രസ്തുത പദ്ധതികൾക്ക് 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായം ഉൾക്കൊള്ളിച്ചുള്ള കരട് രേഖ തയ്യാറാക്കി ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 'കാലാവസ്ഥാ വ്യതിയാനം ' എന്ന പുസ്തകം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പുറത്തിറക്കിയിട്ടുണ്ട്.

(ബി) വനമേഖലയ്ക്കു പുറത്തുള്ള സുപ്രധാന പാരിസ്ഥിതിക മേഖലകളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നട

(ബി) വനമേഖലയ്ക്കു പുറത്തുള്ള സ്വാഭാവിക വനസ്വഭാവമുള്ള പ്രദേശങ്ങൾ സംരക്ഷിക്കുന്ന

പടികൾ സ്വീകരിച്ചിട്ടുണ്ട്; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

തിനും കണ്ടൽ വനങ്ങളുടെ വിസ്തൃതി കൂട്ടുന്നതിനും കാവുകൾ സംരക്ഷിക്കുന്നതിനും നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നു. കണ്ടൽക്കാടുകളുടെ സംരക്ഷണ-പരിപാലനത്തിനായി വേമ്പനാട് കായലിലും കണ്ണൂർ മേഖലയിലും രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. കേരളത്തിലെ കണ്ടൽക്കാടുകളിൽ നല്ലൊരു ഭാഗം സ്വകാര്യ വ്യക്തികളുടെ കൈവശമാണ്. ഇവ സംരക്ഷിക്കുന്നതിന് ഉടമസ്ഥർക്ക് ഹെക്ടർ ഒന്നിന് നിശ്ചിത തുക എല്ലാ വർഷവും പ്രോത്സാഹനമായി നൽകുന്നതാണെന്നും കാവുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക പ്രോത്സാഹനം നൽകുന്നതാണെന്നും 2010-2011 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

വനം വകുപ്പിൽ ഒരു പ്രത്യേക ' ബയോഡൈവേഴ്സിറ്റി സെൽ' പ്രവർത്തിച്ചു വരുന്നു. തീരദേശ നിയന്ത്രണ മേഖലകളെ സംരക്ഷിക്കാനായി കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യം വച്ചു കൊണ്ട് തണ്ണീർത്തട സാങ്കേതിക യൂണിറ്റ് (Wetland Technical Unit) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168 09.03.2010 ൽ മറുപടിക്ക്

### <u>പറമ്പിക്കുളം - അളിയാർ നദീജലകരാർ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. മുരളി പെരുനെല്ലി<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ. വി.എസ്.അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-അളിയാർ നദീജലകരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴുള്ള അവസ്ഥ എന്താണ്; | (എ) | പറമ്പിക്കുളം-ആളിയാർ പദ്ധതി (PAP) കരാർ പുതുക്കാൻ വ്യവസ്ഥയില്ല. പി.എ.പി.കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ കേസുകളൊന്നും തന്നെ നിലവിലില്ല. |
| (ബി) കരാർ പുനരവലോകനം സംബന്ധിച്ച ഈ സർക്കാർ വന്നശേഷം തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 30-5-08 ൽ തിരുവനന്തപുരത്തു വച്ചും 27-2-09 ൽ ചെന്നൈയിൽ വച്ചും കേരള-തമിഴ്നാട് ചീഫ് സെക്രട്ടറി തല ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ 27-2-09 ലെ പുനരവലോകന ചർച്ചയിലെ തീരുമാന പ്രകാരം തമിഴ് നാട് പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറിയും കേരള ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും 8-4-09 ൽ |

തിരുവനന്തപുരത്തും 24-4-09 ൽ ചെന്നൈയിലും യോഗം ചേർന്ന് മന്ത്രിതല ചർച്ചയ്ക്കു വേണ്ടി ഒരു 'പാക്കേജ്' രൂപീകരിച്ചു. തമിഴ്നാട് സർക്കാർ ആവശ്യപ്പെട്ടതിൻ പ്രകാരം ഒരു ചീഫ് സെക്രട്ടറിതല ചർച്ച കൂടി 2010 ഏപ്രിൽ മാസം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കരാർ പുനരവലോകനം സംബന്ധിച്ച ചർച്ചയിൽ കേരളം മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഏറ്റവുമൊടുവിൽ 24-4-09 ചെന്നയിൽ വച്ച് നടന്ന പി.എ.പി. കരാർ പുനരവലോകന ചർച്ചയിൽ കേരളം താഴെ പറയുന്ന ആവശ്യങ്ങൾ മുന്നോട്ടുവച്ചു.

1. <u>മണക്കടവ്</u> : നിലവിലുള്ള കരാറനുസരിച്ച് കേരളത്തിന്റെ വിഹിതമായ 7.25 TMCft ജലം പാലക്കാട് ജില്ലയിലെ ചിറ്റൂർ പുഴ ആയക്കെട്ടിന് അപര്യാപ്തമാണെന്നും ആയതിനാൽ കേരളത്തിന്റെ വിഹിതം 4.75 TMCft കണ്ട് കൂട്ടണമെന്നും (ആകെ 7.25 + 4.75 = 12 TMCft ) ആവശ്യപ്പെട്ടു. ഇത് സംയുക്ത ഗേജിംഗിലൂടെ തെളിയിച്ചിട്ടുള്ള അധിക ജല ലഭ്യതയുടെയും കോണ്ടൂർ കനാൽമൂലമുണ്ടാകുന്ന interception നും കണക്കിലെടുത്തിട്ടുള്ളതാണ്

2. <u>കേരള ഷോളയാർ</u> : നിലവിലുള്ള ഷോളയാർ സബ് ബേസിനിലെ ജലലഭ്യത കരാർ ഉണ്ടാക്കുമ്പോൾ പ്രതിക്ഷിച്ചിരുന്നതിനെക്കാൾ വർദ്ധിച്ചിട്ടുണ്ടെന്നും, ആയത് ജോയിന്റ് ഗേജിംഗിലൂടെ തെളിഞ്ഞിട്ടുണ്ടെന്നും, ആയതിനാൽ അധിക ജല

ലഭ്യത കേരളവുമായി
ആനുപാതികമായി
പങ്ക്‌വയ്ക്കണമെന്നും
കേരളം ആവശ്യപ്പെട്ടു.
കേരളത്തിന്റെ വിഹിതം 14.8
TMCft ആയി പുനർ
നിർണ്ണയിക്കണമെന്നും,
കൂടാതെ ഫെബ്രുവരി 1
ലെയും, സെപ്റ്റംബർ 1
ലെയും ഫുൾ റിസർവോയർ
ലെവൽ ( FRL) വ്യവസ്ഥകൾ
കരാർ അനുസരിച്ച്
പാലിക്കണമെന്നും
ആവശ്യപ്പെടുകയുണ്ടായി.

3. <u>പറമ്പിക്കുളം</u> :

പറമ്പിക്കുളം ഗ്രൂപ്പിൽ
നിന്നും കേരളത്തിന് ജലം
ലഭ്യമാക്കാൻ നിലവിലുള്ള
threshold ആയ 16.5 TMCft
കൊണ്ട് കേരളത്തിന്
പ്രയോജനമില്ലെന്നും, അത്
താഴ്ത്തി 12.5 TMCft
ആക്കണമെന്നും കേരളം
ആവശ്യപ്പെട്ടു. കൂടാതെ
തമിഴ് നാട് 16.5 TMCft ൽ
അധികമായ പറമ്പിക്കുളം
ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന
ജലത്തിൽ 2.5 TMCft
കേരളത്തിന്റെ ചിറ്റൂർ പുഴ
ആയകെട്ടിലെ തുടർ ആവശ്യ
ങ്ങൾക്കായി പറമ്പിക്കുളം
റിസർവോയറിൽ
സംഭരിക്കണമെന്നും, ഇതിനു
വേണ്ടിയാണ് പറമ്പിക്കുളം
സംഭരണിയുടെ FRL ആദ്യം
വിഭാവനം ചെയ്തതിൽ
നിന്നും ഉയർത്തി
ഇപ്പോഴത്തെ FRL ആയ +
1825 feet ആക്കിയിട്ടുള്ള
തെന്നും കേരളം അറിയിച്ചു.
പറമ്പിക്കുളത്തെ threshold 14
Tmcft യിൽ നിന്ന് 13 Tmcft
(ലോവർ നീരാർ ഒഴിവാക്കിയ
ശേഷം) ആയി

| | | | |
|---|---|---|---|
| | | | കുറയ്ക്കാമെന്ന് തമിഴ് നാടിന്റെ വാഗ്ദാനം അധിക ജലം കിട്ടാനുള്ള സാദ്ധ്യത ഇപ്പോഴത്തതിനേക്കാൾ മോശമാകുമെന്നതിനാൽ കേരളത്തിന് സ്വീകാര്യമല്ലെന്ന് അറിയിച്ചു. |
| (ഡി) | നിലവിലുള്ള കരാറിലെ എതെല്ലാം വ്യവസ്ഥകൾ തമിഴ്നാട് ലംഘിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | തമിഴ് നാട് നടത്തിയ പ്രധാനപ്പെട്ട കരാർ ലംഘനങ്ങൾ ഇവയാണ് കേരള ഷോളയാറിലെ ജലവിതാനം നിശ്ചിത തീയതികളിൽ (Feb 1st , Sept 1st ) നിശ്ചിത ലെവലുകളിൽ (FRL + 2663 feet) നിർത്താതിരിക്കുക, കാടംപാറ ഡാമിന്റെ നിർമ്മാണം, ആളിയാർ തിരുമൂർത്തി ഡാമുകളുടെ താഴെ മിനി ഹൈഡൽപ്രോജക്ടുകളുടെ നിർമ്മാണം, പറമ്പിക്കുളത്തെ കെട്ടിടങ്ങൾ പൂർണ്ണമായും വിട്ടുതരാതിരിക്കുക, കോണ്ടൂർ കനാലിന്റെ റീലൈനിംഗ്, തമിഴ്നാട് ഷോളയാർ റിസർവോയറിൽ സാഡിൽ സ്പിൽവേ അധികമായി നിർമ്മിച്ചത്, ആളിയാർ ഫീഡർ കനാലിന്റെ ശോച്യാവസ്ഥ മൂലം ഉണ്ടാകുന്ന കഠിനമായ ജല ചോർച്ചയും നഷ്ടവും, ആളിയാറിലേക്ക് ഒഴുകുന്ന ജലത്തിന്റെ കുറവും മണക്കടവ് വിയറിൽ നിന്ന് ലഭിക്കേണ്ട ജലം ചില വർഷങ്ങളിൽ ലഭിക്കാത്തത്. |
| (ഇ) | ലംഘനങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഇ) | ഉണ്ട് : കരാർ ലംഘനങ്ങൾ എല്ലാം തന്നെ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്ക ണമെന്ന് തമിഴ്നാടിനോട് കേരളം |

| | | | |
|---|---|---|---|
| | | | പുനരവലോകന ചർച്ചാ വേളകളിലും കത്തുകളിലൂടെയും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (എഫ്) | കാലഹരണപ്പെട്ട കരാർ പുനരവലോകനം ചെയ്യുന്നതിന് സർക്കാർ ഊർജ്ജിത നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (എഫ്) | നടപടി സ്വീകരിക്കുന്നതാണ്. അടുത്ത ചീഫ് സെക്രട്ടറി തല ചർച്ച 2010 ഏപ്രിൽ മാസം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 169 — 09-03-2010-ൽ മറുപടിയ്ക്ക്

## " മാർക്കറ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം "

| ചോദ്യം. | ഉത്തരം. |
| --- | --- |
| ശ്രീ.ജോർജ് എം.തോമസ്.<br>ശ്രീ.വി.ശിവൻകുട്ടി.<br>ശ്രീ.മഞ്ഞളാംകുഴി അലി.<br>ശ്രീ.എം.കെ.പുരുഷോത്തമൻ.<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി. | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ മാർക്കറ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ ; | (എ) 'അനുബന്ധം 'എ' ആയി കൊടുത്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം മാർക്കറ്റുകളിൽ നിന്നുള്ള വിലകൾ ശേഖരിച്ചാണ് എല്ലാ ദിവസവും വിലനിലവാരം പ്രസിദ്ധീകരിക്കുന്നത് ; | (ബി) തെക്കൻ മേഖലയിലെ തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള 8 ജില്ലകളിലെ 28 സെന്ററുകളിൽ നിന്നും, വടക്കൻ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള 14സെന്ററുകളിൽ നിന്നും വിലകൾ ശേഖരിച്ചാണ് വിലനിലവാര ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നത്. മാർക്കറ്റ് ഇന്റലിജൻസ് സെന്ററുകളുടെ പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്. |
| (സി) മാർക്കറ്റിൽ എത്തുന്ന അവശ്യസാധനങ്ങളുടെ സ്റ്റോക്ക് സംബന്ധിച്ച് ഈ വിഭാഗം പഠനം നടത്താറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) മാർക്കറ്റിൽ എത്തുന്ന അവശ്യസാധനങ്ങളുടെ സ്റ്റോക്കിനെ സംബന്ധിച്ച് പഠനങ്ങൾ ഒന്നും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ മാർക്കറ്റിൽ എത്തുന്ന തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ (അരി, കുരുമുളക്, അടയ്ക്ക, നാളികേരം തുടങ്ങിയ) സ്റ്റോക്ക് സംബന്ധിച്ച് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. |
| (ഡി) ഇന്റലിജൻസ് വിഭാഗത്തിന്റെ വിലനിലവാര അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) കർഷകർക്കും കാർഷിക ഉല്പന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നവർക്കും മാർക്കറ്റിൽ നിലവിലുള്ള വിലനിലവാരത്തെക്കുറിച്ച് അറിവ് നൽകുന്നതിനായി മാർക്കറ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ വിലനിലവാര അവലോകന റിപ്പോർട്ട് ആകാശവാണി നിലയങ്ങൾക്ക് സംപ്രേക്ഷണം ചെയ്യുന്നതിനായി നൽകി വരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 170 — 09.03.2010 - ൽ മറുപടിയ്ക്ക്

### ജലാശയങ്ങളിലെ മലിനീകരണം പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം.ആരിഫ്<br>" രാജു എബ്രഹാം<br>" സി.കെ.സദാശിവൻ<br>" വി.എൻ.വാസവൻ<br>" എം.ഹംസ | | മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദൻ | |
| (എ) | സംസ്ഥാനത്തിന്റെ പ്രധാന നദികളും കായലുകളും ജലാശയങ്ങളും അനുദിനം മലിനപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | (ബി),<br>(സി) | സംസ്ഥാനത്തെ പത്ത് പ്രധാന നദികൾ മാലിന്യവിമുക്തമാക്കുന്നതിനു വേണ്ടി 2567 കോടി രൂപ മതിപ്പു ചെലവുള്ള കർമ്മ പദ്ധതികളുടെ രൂപരേഖകൾ തയ്യാറാക്കി 1997-ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. 320 കോടി രൂപ ചെലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പിലാക്കാനായി 18.45 കോടി രൂപ സംസ്ഥാന സർക്കാരിനു ലഭ്യമാക്കുകയും ചെയ്തു. പമ്പാ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാകുന്നതോടൊപ്പം മാത്രമേ രണ്ടാം ഘട്ടത്തിന്റെ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |
| (സി) | ഇതിനായി ഗംഗ ശുദ്ധീകരണ പദ്ധതി പോലെയുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങാൻ നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | വ്യവസായ സ്ഥാപനങ്ങൾ പുറത്തു വിടുന്ന മാലിന്യങ്ങൾ നിമിത്തം ജലസ്രോതസ്സുകൾ മലിനപ്പെടാതിരിക്കാൻ പുറന്തള്ളുന്ന മാലിന്യങ്ങൾക്ക് പരിധി നിശ്ചയിക്കുക, ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുക. ശുദ്ധീകരണ സംവിധാനങ്ങളുടെ പര്യാപ്തതയും പ്രവർത്തനവും പരിശോധനകളിലൂടെ ഉറപ്പ് വരുത്തുക, അനുമതി പത്രം എടുപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 171

09.03.10-ൽ മറുപടിക്ക്

### ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി.മൊയ്തീൻ:<br>'' ആനത്തലവട്ടം ആനന്ദൻ:<br>'' പി.ജയരാജൻ:<br>'' കെ.സി.കുഞ്ഞിരാമൻ:<br>'' സാജു പോൾ: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ഭക്ഷ്യ സുരക്ഷാ നിയമത്തിൽ കേരളത്തിന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുള്ള ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടനവധി നിർദ്ദേശങ്ങൾ അടങ്ങിയതാണ്. ഈ നിയമം നടപ്പിലാക്കിയാൽ എ.പി.എൽ വിഭാഗക്കാരെ പൊതു വിതരണ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കേണ്ടുന്ന സാഹചര്യം വന്നുചേരും. പ്ളാനിംഗ് കമ്മീഷൻ കണക്കു പ്രകാരമുള്ള ബി.പി.എൽ കുടുംബങ്ങൾക്കു മാത്രമേ ഈ നിയമ പ്രകാരം പ്രയോജനം ലഭ്യമാകുകയുള്ളൂ. ബി.പി.എൽ കുടുംബങ്ങൾക്ക് ഇപ്പോൾ അർഹതയുള്ള 35 കിലോ ഭക്ഷ്യധാന്യം 25 കിലോ ആയി കുറയുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഭക്ഷ്യ സുരക്ഷാ നിയമത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും നിർദ്ദേശങ്ങളും 26.06.09 ൽ കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. മന്ത്രിസഭാ തീരുമാനപ്രകാരം ധനകാര്യ, ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പുകളുടെ അഭിപ്രായങ്ങളും 19.09.09ൽ കൂടിയ വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യ മന്ത്രിമാരുടെ ദേശീയ സെമിനാറിലെ ''ട്രിവാൻഡ്രം ഡിക്ളറേഷൻ'' കൂടി ഉൾപ്പെടുത്തി (അനുബന്ധമായി ചേർത്തിട്ടുള്ള) പുതുക്കിയ ഒരു അഭിപ്രായക്കുറിപ്പ് 15.02.10ലും കേന്ദ്ര സർക്കാരിനു നൽകുകയുണ്ടായി. |

(സി) ഭക്ഷ്യ സുരക്ഷാ നിയമം സംബന്ധിച്ച് പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ദേശീയ ചർച്ച നടത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 19.09.2009 ൽ തിരുവനന്തപുരത്ത് വച്ച് നടത്തിയ വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യ മന്ത്രിമാരുടെ ദേശീയ സെമിനാറിൽ, ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ കരട് പ്രസിദ്ധീകരിക്കണമെന്നും സംസ്ഥാന സർക്കാരുകളുമായി വിശദമായ ചർച്ച ചെയ്തതിനുശേഷം മാത്രമേ നിയമ നിർമാണ നടപടികളുമായി മുന്നോട്ട് പോകാവൂ എന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ ഉന്നയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടില്ല.

(ഡി) ഭക്ഷ്യ സുരക്ഷാ ബിൽ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന രാഷ്ട്രപതിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ബില്ലിലെ ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

(ഡി) ഭക്ഷ്യ സുരക്ഷാ നിയമത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും നിർദ്ദേശങ്ങളും 26.06.09 ൽ കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. മന്ത്രിസഭാ തീരുമാനപ്രകാരം ധനകാര്യ, ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പുകളുടെ അഭിപ്രായങ്ങളും 19.09.09ൽ കൂടിയ വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യ മന്ത്രിമാരുടെ ദേശീയ സെമിനാറിലെ ''ട്രിവാൻഡ്രം ഡിക്ളറേഷൻ'' കൂടി ഉൾപ്പെടുത്തി പുതുക്കിയ ഒരു അഭിപ്രായക്കുറിപ്പ് 15.02.10ലും കേന്ദ്ര സർക്കാരിനു നൽകിക്കൊണ്ട് ശക്തമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 172 — 9.3.2010-ൽ മറുപടിയ്ക്ക്

# കേന്ദ്ര പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ബാബു<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.അച്ചുതൻ | ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) വൻ മൂലധനമുടക്കുള്ള എത്ര കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് ; | (എ) & (ബി) വൻ മൂലധനമുടക്കുള്ള താഴെപ്പറയുന്ന കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് :- |
| (ബി) ഈ പദ്ധതികൾ ഏതെല്ലാമാണ്; | |

i) ജലസേചന വകുപ്പിന് കീഴിലുള്ള 1517-90 കോടി രൂപ മുടക്കുള്ള 'കുട്ടനാട് പാക്കേജ്' പദ്ധതി.

ii) സുനാമി അടിയന്തിര സഹായ പദ്ധതി (T.E.A.P) & സുനാമി പുനരധിവാസ പദ്ധതി (T.R.P) — 101-20 കോടി രൂപ.

iii) നാഷണൽ ഹൈവേ ഡെവലപ്പ്മെന്റ് പ്രോജക്റ്റ് **Phase II & Phase III**

iv) ഹിന്ദുസ്ഥാൻ ഏയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ യൂണിറ്റ് സ്ഥാപിക്കൽ - (ചെറുകിട വ്യവസായ പാർക്ക്, കാസർകോട്)

v) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ യൂണിറ്റ് സ്ഥാപിക്കൽ - (ഹൈടെക് പാർക്ക്, കളമശ്ശേരി)

vi) ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ യൂണിറ്റ് സ്ഥാപിക്കൽ - (ഇന്റഗ്രേറ്റഡ് വ്യവസായ പാർക്ക്, പാലക്കാട്)

vii) പാലക്കാട് റയിൽ കോച്ച് ഫാക്ടറി

viii) L.N.G. ടെർമിനൽ പദ്ധതി.

ix) കായംകുളം വൈദ്യുതി നിലയത്തിന്റെ സ്ഥാപിത ശേഷി ഉയർത്തുന്ന പദ്ധതി.

x) പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജനാ പദ്ധതി.

xi) ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷൻ (J.N.N.U.R.M).

xii) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (P.M.G.S.Y).

xiii) അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ പ്രത്യേക ക്യാമ്പസ് - മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ.

xiv) കാസറഗോഡ് ആരംഭിക്കുന്ന കേന്ദ്ര സർവ്വകലാശാല.

xv) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് - (IISER) - വിതുര.

xvi) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി (I.I.S.S.T), കരിപ്പൂർ.

xvii) ലോകോത്തര നിലവാരമുള്ള കേന്ദ്രസർവ്വകലാശാല (World Class University). - തൃശ്ശൂർ.

xviii) ഹൈദരാബാദിലെ ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഉപകേന്ദ്രം - കൊല്ലം ജില്ല.

(സി) ഇവയ്ക്ക് ഓരോന്നിനുമുള്ള സ്ഥലമെടുപ്പ്, പശ്ചാത്തല വികസനം മുതലായ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്നു വിശദീകരിക്കുമോ ?

(സി)

i) ഇവയിൽ കുട്ടനാട് പാക്കേജ് പദ്ധതിക്ക് സ്ഥലമെടുപ്പിന്റേയും, പശ്ചാത്തല വികസനത്തിന്റേയും ആവശ്യമില്ല. ഇതിനു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു വേണ്ട സർവ്വേ ജോലികളും എസ്റ്റിമേഷൻ പണികളും പുരോഗമിച്ചു വരുന്നു.

ii) T.E.A.P പദ്ധതിയിൽ ഉൾപ്പെട്ട മൂന്നു പാലങ്ങളുടെ സ്ഥലം ഏറ്റെടുപ്പ് യഥാസമയം നടപ്പാക്കുകയും കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

iii) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് 3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. മണ്ണുത്തി-വാളയാർ പാതയുടെ സ്ഥലമെടുപ്പ് പുരോഗതിയിലാണ്.

iv) , (V) & (VI) ഈ യൂണിറ്റുകൾ എല്ലാം തന്നെ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കുന്നതിനാൽ അവയ്ക്ക് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും കിൻഫ്ര നേരിട്ടു നൽകുന്നുണ്ട്.

vii) പാലക്കാട് റയിൽ കോച്ച് ഫാക്ടറിക്കു വേണ്ടി പുനർ നിർണ്ണയിച്ച പ്രകാരം 426 ഏക്കർ സ്ഥലം ആവശ്യമുള്ളതിൽ 430.59 ഏക്കർ ഭൂമി പാലക്കാട് ജില്ലയിൽ, പുതുശ്ശേരി പഞ്ചായത്തിൽ

കണ്ടെത്തുകയും അതിൽ 235.55 ഏക്കർ EFL ഭൂമി ഡീനോട്ടിഫൈ ചെയ്ത് കളക്ടറുടെ കൈവശം റയിൽവേയ്ക്ക് കൈമാറാൻ തക്കവണ്ണം നിലവിലുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി ഭൂമിയും അടിയന്തിരമായി കൈമാറാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

viii) & (ix) മേൽ പദ്ധതികൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്.

(x) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് പദവിയിലേക്കുയർത്തുന്നതു ലക്ഷ്യം വച്ചുള്ള ഈ പദ്ധതിക്ക് സ്ഥലമെടുപ്പിന്റെ ആവശ്യം വരുന്നില്ല.

(xi) J.N.N.U.R.M. പദ്ധതിയുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിൽ സ്ഥലമെടുപ്പിന് സ്വാഭാവികമായും ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. എന്നാൽ, സർക്കാർ ഇക്കാര്യത്തിൽ ആത്മാർത്ഥതയോടെ പരിശ്രമങ്ങൾ നടത്തി വരുന്നുണ്ട്. പ്രധാനപ്പെട്ട ലാൻഡ് അക്വിസിഷൻ കേസുകൾ ഫാസ്റ്റ് ട്രാക്ക് നടപടി പ്രകാരം ത്വരിതപ്പെടുത്തുന്നുണ്ട്.

(xii) P.M.G.S.Y പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന റോഡുകളിലെ യൂട്ടിലിറ്റികൾ (ടെലിഫോൺ, വൈദ്യുതി പോസ്റ്റുകൾ/കേബിളുകൾ ജലവിതരണ പൈപ്പുകൾ തുടങ്ങിയവ) മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും പ്രവൃത്തികളുമായി ബന്ധപ്പെട്ട 15% ടെൻഡർ എക്സസ് നൽകുന്നതിനുള്ള ചെലവും സർക്കാർ വഹിക്കുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

(xiii) അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഒരു കേന്ദ്രം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ സ്ഥാപിക്കുന്നതിന് പെരിന്തൽമണ്ണ താലൂക്കിലെ ആലമങ്ങാട്, ഏലംകുളം, പാതായിക്കര വില്ലേജുകളിൽപ്പെട്ട 400 ഏക്കറോളം ഭൂമി ഏറ്റെടുക്കാൻ ഗവൺമെന്റ് കഴിഞ്ഞ വർഷം ജനുവരിയിൽ തന്നെ തീരുമാനിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയുമാണ്. ഒന്നാം ഘട്ടമായി 120-ൽ പരം ഏക്കർ ഭൂമി 06-03-2010-ന് പെരിന്തൽമണ്ണയിൽ സർവ്വകലാശാല അധികൃതർക്ക് കൈമാറുകയുണ്ടായി. ബാക്കി ഭൂമി ഒന്നു രണ്ടു മാസത്തിനുള്ളിൽ യൂണിവേഴ്സിറ്റിക്ക് കൈമാറാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം തന്നെ ക്ലാസ്സുകൾ

ആരംഭിക്കുന്നതിന് നടപടികൾ പുരോഗമിക്കുകയാണ്.

(xiv) സംസ്ഥാനത്തിനനുവദിച്ച കേന്ദ്ര സർവ്വകലാശാല കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശിച്ച മൂന്നു സ്ഥലങ്ങൾ കേന്ദ്ര സംഘം പരിശോധിക്കുകയുണ്ടായി. എന്നാൽ മറ്റൊരു സ്ഥലമാണ് കേന്ദ്ര സംഘം യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായി നിർദ്ദേശിച്ചത്. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഈ ഭൂമി ഈ ആവശ്യത്തിനു ലഭ്യമാക്കാൻ ആവില്ലെന്ന് കോർപ്പറേഷൻ അറിയിച്ചതിനെ തുടർന്ന് ജില്ലാ കളക്ടർ മറ്റു മൂന്നു നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. ആയത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിലേതെങ്കിലും ഒരു സ്ഥലം തിരഞ്ഞെടുത്ത് സംസ്ഥാന ഗവൺമെന്റിനെ അറിയക്കുകയും ചെയ്യാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ കേന്ദ്ര തീരുമാനം പ്രതീക്ഷിക്കുകയാണ്.

(xv) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് സയൻസ് എഡ്യൂക്കേഷൻ റിസർച്ച് സ്ഥാപിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പ്രവർത്തിക്കുന്ന ജേഴ്സി ഫാമിൽ നിന്നും 200 ഏക്കർ വിട്ടു നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനും മറ്റു വികസന പ്രവർത്തനത്തിനുമായി സംസ്ഥാന ഗവൺമെന്റ് 180 ലക്ഷം രൂപ ഐ.ഐ.എസ്.ആർ-നായി വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ ഐ.ഐ.എസ്.ഇ.ആർ (College of Engineering, Thiruvananthapuram) (CET) കാമ്പസിൽ പ്രവർത്തിച്ചു വരുന്നു.

(xvi) ഐ.ഐ.എസ്.റ്റി സ്ഥാപിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽപെട്ട കരിപ്പൂർ ജില്ലയിൽ നിന്നും 18.3945 ഹെക്ടർ സ്ഥലം ഇതിനകം അക്വയർ ചെയ്തു നൽകി കഴിഞ്ഞു. ഇതിലേക്ക് ഏകദേശം 14.31 കോടിയോളം രൂപ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. 6.88 ഏക്കർ സ്ഥലം ഏറ്റെടുത്തു നൽകാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(xvii) & (xviii) വേൾഡ് ക്ലാസ്സ് യൂണിവേഴ് സിറ്റി തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കണമെന്നും, ഹൈദരാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് ഉപകേന്ദ്രം കൊല്ലം ജില്ലയിൽ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

5

ഇവയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് വിവിധ തലത്തിൽ ചർച്ച പുരോഗമിച്ചു വരികയാണ്. മേൽ സ്ഥാപനങ്ങൾക്കു പുറമേ പാലക്കാട് ജില്ലയിൽ ഒരു ഐ.ഐ.റ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയ്ക്ക് നിവേദനം നൽകുകയും ബഹു.വിദ്യാഭ്യാസ മന്ത്രി ബഹു. കേന്ദ്ര മാനവ ശേഷി വികസന വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരികയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :173.

9..3..2010-ൽ മറുപടിക്ക്

### "പശുഗ്രാമം പദ്ധതി"

**ചോദ്യം**

പ്രൊഫ. എൻ. ജയരാജ് എം.എൽ.എ.:
ശ്രീ. തോമസ് ഉണ്ണിയാടൻ എം.എൽ.എ.:

**ഉത്തരം**

ശ്രീ. സി. ദിവാകരൻ

ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി

(എ) ക്ഷീര വികസന വകുപ്പ് നടപ്പാക്കി വരുന്ന പശുഗ്രാമം പദ്ധതി ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണുള്ളതെന്നറിയിക്കുമോ;

(എ) ക്ഷീരവികസന വകുപ്പ് പശുഗ്രാമം പദ്ധതി 2006-2007 വർഷം മാത്രമാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ജില്ലകൾ ചുവടെ ചേർക്കുന്നു:-

1) തിരുവനന്തപുരം.
2) കൊല്ലം.
3) പത്തനംതിട്ട.
4) ആലപ്പുഴ.
5) കോട്ടയം.
6) ഇടുക്കി.
7) എറണാകുളം.
8) തൃശ്ശൂർ.
9) മലപ്പുറം.
10) കോഴിക്കോട്.
11) കണ്ണൂർ.

(ബി) പ്രസ്തുത പദ്ധതിയ്ക്ക് നാളിതുവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്;

(ബി) 2006-2007 വർഷം 300 ലക്ഷം രൂപ പശുഗ്രാമം പദ്ധതിയ്ക്ക് വിനിയോഗിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പശുഗ്രാമം പദ്ധതി 2006-2007 വർഷം മാത്രമേ നടപ്പാക്കിയിട്ടുള്ളു. അതിനു ശേഷം ഈ പദ്ധതിയ്ക്ക് പകരം മിൽക്ക് ഷെഡ് ഡെവലപ്മെന്റ് (എം.എസ്.ഡി.പി.) എന്ന പദ്ധതിയാണ് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതു വഴി പാലുത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഉണ്ട്.

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത വർദ്ധന യുടെ വിശദാംശം നൽകുമോ?

(ഇ) പശുഗ്രാമം പദ്ധതി പ്രകാരം 4478 പശുക്കളെയും 1000 കിടാരികളെയും അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങി കർഷകർക്ക് വിതരണം ചെയ്തു. ഈ പദ്ധതി വഴി 52,904 ലിറ്റർ പാലിന്റെ പ്രതിദിന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:-

| | ജില്ല | പ്രതിദിന വർദ്ധനവ്. |
|---|---|---|
| 1) | തിരുവനന്തപുരം | 9096 ലിറ്റർ |
| 2) | കൊല്ലം | 7160 ലിറ്റർ |
| 3) | പത്തനംതിട്ട | 3276 ലിറ്റർ |
| 4) | ആലപ്പുഴ | 4353 ലിറ്റർ |
| 5) | കോട്ടയം | 4476 ലിറ്റർ |
| 6) | ഇടുക്കി | 4392 ലിറ്റർ |
| 7) | എറണാകുളം | 5978 ലിറ്റർ |
| 8) | തൃശ്ശൂർ | 4482 ലിറ്റർ |
| 9) | മലപ്പുറം | 4230 ലിറ്റർ |
| 10) | കോഴിക്കോട് | 1373 ലിറ്റർ |
| 11) | കണ്ണൂർ | 4088 ലിറ്റർ |
| | **ആകെ** | **52904 ലിറ്റർ** |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ 174 | 9.3.2010 ൽ<br>മറുപടിയ്ക്ക് |

## ഐ.ടി. വികസനത്തിനായി ഏറ്റെടുത്ത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് ;<br>ശ്രീ. റോഷി അഗസ്റ്റിൻ ;<br>ശ്രീ. തോമസ് ചാഴികാടൻ ;<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ പക്കൽ ഐ.ടി. വികസനത്തിനായി ഏറ്റെടുത്ത എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാന സർക്കാരിന്റെ പക്കൽ ഇപ്പോൾ ഐ.ടി. വികസനത്തിനായി ഏറ്റെടുത്ത ഏകദേശം 1139 ഏക്കർ ഭൂമിയുണ്ട്. |
| ബി) ഐ.ടി. വികസനത്തിനായി സർക്കാരിന്റെ കൈവശമുള്ള ഭൂമി പ്രയോജനപ്പെടുത്തി നിർദ്ദിഷ്ട ശോഭാ ഹൈടെക് സിറ്റി പദ്ധതി നടപ്പാക്കാനുള്ള തടസ്സമെന്താണ് എന്ന് വെളിപ്പെടുത്തുമോ ;<br><br>സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട സംരംഭകരുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;<br><br>ഡി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (ബി), (സി) ആന്റ് (ഡി)<br><br>കൊച്ചിയിൽ വളന്തക്കാട്ട് ശോഭാ ഡെവലപ്പേഴ്സിന്റെ കൈവശമുള്ള ഭൂമിയിൽ ശോഭാ ഹൈടെക് സിറ്റി എന്ന പേരിൽ ഒരു പദ്ധതി തുടങ്ങുന്നതിനുള്ള ധാരണാ പത്രത്തിൽ സർക്കാരും ശോഭാ ഡെവലപ്പേഴ്സും ചേർന്ന് ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി തുടങ്ങുന്നതിനുള്ള അനുമതി ആവശ്യപ്പെടുന്ന അപേക്ഷ സ്റ്റേറ്റ് ഹൈ ലെവൽ ക്ലിയറൻസ് കമ്മിറ്റി പരിശോധിച്ചു വരികയാണ്. റവന്യൂ, വനം വന്യജീവി, പരിസ്ഥിതി, പൊതുമരാമത്ത്, ജലവിഭവം മുതലായ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. പദ്ധതിക്കെതിരെ കേരള ഹൈക്കോടതിയിൽ writ petition നിലവിലുണ്ട്. |
| ഇ) ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി കൈവശമുള്ള ഭൂമി പ്രയോജനപ്പെടുത്തി ശോഭാ ഹൈടെക് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ ; വിശദാംശങ്ങൾ നൽകുമോ ? | ഇ) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 175

09.03.2010 - ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ. ബി.രാഘവൻ | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; | (എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതി (പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ളത്)<br>2. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി<br>3. സുരക്ഷാ ഭവന പദ്ധതി<br>4. ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം<br>5. സുനാമി പുനരധിവാസ പദ്ധതി (ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ളത്) |
| (ബി) ഈ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) 1. പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതി<br>ഈ പദ്ധതി പ്രകാരം, 1812 വീടുകളുടെ നിർമ്മാണം ആരംഭിച്ചതിൽ 1656 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br>2. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി<br>ഈ പദ്ധതി പ്രകാരം സർക്കാർ സബ്സിഡി അനുവദിച്ച 6943 വീടുകളിൽ 2675 വീടുകളുടെ പുനർ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 1326 വീടുകളുടെ പുനർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>3. സുരക്ഷാ ഭവന പദ്ധതി<br>ഈ പദ്ധതി പ്രകാരം 28.02.2010 വരെ 2499 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

4. ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീം

ഈ പദ്ധതി പ്രകാരം എറണാകുളത്ത് തൃക്കാക്കരയിൽ 36 ഫ്ലാറ്റുകളും തിരുവനന്തപുരത്ത് 16 ഫ്ലാറ്റുകളുമാണ് നിർമ്മിക്കുന്നത്. ഇതിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു.

5. സുനാമി പുനരധിവാസ പദ്ധതി

ഈ പദ്ധതി പ്രകാരം കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലും തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിലുമായി 165 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സുനാമി ഭവന പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ബോർഡിനെ നിർമ്മാണ ചുമതല ഏല്പിച്ചത്;

(സി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം (ബീമാപള്ളി) എന്നീ ജില്ലകളിലാണ്. കൂടാതെ കൊല്ലം, എറണാകുളം, തൃശൂർ, തിരുവനന്തപുരം ജില്ലയിൽ ബീമാപള്ളിക്ക് പുറമേയുള്ള സ്ഥലങ്ങൾ എന്നിവ കൂടി തെരഞ്ഞെടുത്ത ഏജൻസികൾ നിർമ്മാണം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഭവന നിർമ്മാണബോർഡിനെ ഏല്പിക്കാൻ തീരുമാനിക്കുകയും ബോർഡ് ഏറ്റെടുക്കാൻ സന്നദ്ധമാവുകയും ചെയ്തിട്ടുണ്ട്.

(ഡി) എത്ര വീടുകൾക്കുള്ള സ്ഥലം ബോർഡിന് ലഭ്യമായിട്ടുണ്ട്; അതിൽ എത്ര വീടുകൾ പൂർത്തിയായിട്ടുണ്ട്;

(ഡി) 690 വീടുകൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്. ഇതിൽ 165 എണ്ണം പൂർത്തിയായിട്ടുണ്ട്.

(ഇ) സുനാമി ഭവന പദ്ധതി പ്രകാരം ബോർഡിനെ ഏല്പിച്ചിട്ടുള്ള വീടുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

(ഇ) ബോർഡും സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള ധാരണ അനുസരിച്ച് സ്ഥലം ലഭ്യമായ പദ്ധതിക്ക് അംഗീകാരം ലഭിച്ച് 6 മുതൽ 8 മാസം വരെയുള്ള കാലയളവിനുള്ളിൽ പണികൾ പൂർത്തിയാക്കണം. അടുത്ത വർഷകാലത്തിനു മുമ്പായി പണികൾ തീർക്കാനാണ് ബോർഡ് ലക്ഷ്യമിടുന്നത്.

Sreedevi Kunja

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 176 — 09/03/2010 - ൽ മറുപടിക്ക്

## പാചകവാതക വിതരണത്തിലെ ക്രമക്കേട് ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എം. ജെ. ജേക്കബ് :<br>ശ്രീ. കെ.ടി. ജലീൽ : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) പാചക വാതക വിതരണത്തിലെ ക്രമക്കേട് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിലേക്കായി വകുപ്പുതലത്തിൽ നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസം കൂടുമ്പോൾ ഓപ്പൺഫോറം സംഘടിപ്പിക്കുകയും ഉപഭോക്താക്കളുടെ പരാതികൾ ഏജൻസി ഉടമകളുടെയും ഓയിൽ കമ്പനിപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ തന്നെ പരിഗണിക്കുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിനായി പൊതു വിപണിയിൽ കർശനമായ പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. റീഫിൽ ബുക്കിംഗ്, പുതിയ കണക്ഷൻ ബുക്കിംഗ് എന്നിവ മുൻഗണന പ്രകാരം മാത്രമേ വിതരണം നടത്താവൂ എന്ന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഓയിൽ കമ്പനി ഉദ്യോഗസ്ഥരെയും ഗ്യാസ് ഏജന്റുമാരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി എൽ.പി.ജി. മോണിറ്ററിംഗ് കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ടോ ; | (ബി) | ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓയിൽ കമ്പനി പ്രതിനിധികൾ, ഗ്യാസ് ഏജൻസി പ്രതിനിധികൾ, ഉപഭോക്താക്കൾ എന്നിവർ ഉൾപ്പെട്ട ഓപ്പൺഫോറം എല്ലാ ജില്ലകളിലും നിലവിലുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി കൺസ്യൂമർ ഹെൽപ്പ് ലൈൻ തുടങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പാചക വാതക വിതരണ ത്തിലെ പോരായ്മകൾ പരിഹരി ക്കുന്നതിന് ഓയിൽ കമ്പനി പ്രതിനിധികൾ, ഉപഭോക്താ ക്കൾ, വിതരണക്കാർ എന്നിവ രുടെ പ്രതിനിധികൾ അടങ്ങുന്ന ഓപ്പൺ ഫോറങ്ങൾ ഏതെല്ലാം ജില്ലകളിൽ വിളിച്ചു ചേർത്തി ട്ടുണ്ട് ; | (സി) | എല്ലാ ജില്ലകളിലും വിളിച്ചു ചേർത്തിട്ടുണ്ട്. |
| ഡി) | ഇതു മൂലം ഉണ്ടായിട്ടുള്ള നേട്ട ങ്ങൾ വ്യക്തമാക്കുമോ ; | (ഡി) | ഉപഭോക്താക്കൾക്ക് അവരുടെ പരാതികളും അഭിപ്രായങ്ങളും ബന്ധപ്പെട്ടവരുടെ മുമ്പിൽ നേരിട്ട് അവതരിപ്പിക്കാനും പരാതി തത്സമയം തന്നെ പരിഹരിക്കുന്നതിനും ഉള്ള അവസരം ലഭി ക്കുന്നു. തന്മൂലം ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കു ന്നതിനും അതുവഴി പരാതി പരമാവധി കുറ യ്ക്കാനും സാധിക്കുന്നുണ്ട്. |
| ഇ) | ഗ്യാസ് ഏജൻസികൾ പുതിയ കണക്ഷൻ നൽകുന്നതിൻെറ വിവരങ്ങൾ പ്രസിദ്ധീകരിക്കാൻ നിർദ്ദേശം നൽകുമോ ; | (ഇ) | പുതിയ ഗ്യാസ് കണക്ഷൻ നൽകുന്നതിൻെറ വിവരങ്ങൾ ഗ്യാസ് വിതരണ ഏജൻസികളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. |
| എഫ്) | അഡീഷണൽ ഗ്യാസ് സിലിണ്ടറു കൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വർക്ക് രണ്ടു വർഷമായിട്ടും സിലിണ്ടർ ലഭിച്ചിട്ടില്ലെന്ന പരാതി ഗൗരവപൂർവ്വം പരിഗ ണിക്കുമോ ? | (എഫ്) | അഡീഷണൽ സിലിണ്ടറിനുള്ള ബുക്കിംഗിൻെറ മുൻഗണനാക്രമം അനുസരിച്ചാണ് വിതരണം നടന്ന് വരുന്നത്. ഗ്യാസ് സിലിണ്ടറിൻെറ ലഭ്യതയ്ക്ക നുസരിച്ച് അഡീഷണൽ സിലിണ്ടർ ലഭിക്കുന്നതി നുള്ള കാലയളവ് ഓരോ ഓയിൽ കമ്പനിയ്ക്കും വ്യത്യസ്തമാണ്. ചുരുക്കം ചില "ഇൻഡേൻ" വിത രണ ഏജൻസികൾ ഒഴിച്ചാൽ 31/10/2009വരെ യുള്ള അപേക്ഷകർക്ക് അഡീഷണൽ ഗ്യാസ് സിലിണ്ടർ ലഭ്യമാക്കിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 177

09/03/2010 - ൽ മറുപടിക്ക്

## കച്ചവട സ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കച്ചവടസ്ഥാപനങ്ങളിൽ വില വിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രദർശിപ്പിക്കാത്ത വർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; വിശദ വിവരം നൽകുമോ ; | (എ) വില വിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രദർശിപ്പിക്കാത്ത കച്ചവടക്കാർക്കെതിരെ 1977-ലെ കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ടസ് ആന്റ് ഡിസ്പ്ളേ ഓഫ് പ്രൈസസ് & സ്റ്റോക്ക്) ഓർഡർ പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. ഈ വർഷം സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനയിൽ വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിച്ചിട്ടില്ലാത്ത 2035 സ്ഥാപനങ്ങൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി, തുടർ നടപടി സ്വീകരിച്ചു വരുന്നു. ഇത്തരം പരിശോധനകൾ ഊർജ്ജിതമായി നടത്താനും എല്ലാ കച്ചവട സ്ഥാപനങ്ങളും വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താനും വകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഈ വർഷം എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (ബി) സംസ്ഥാനത്തൊട്ടാകെ ഈ വർഷം 2035 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിലവിവരപ്പട്ടികയിൽ അമിത വില രേഖപ്പെടുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; വ്യക്തമാക്കുമോ ; | (സി) | വിലവിവരപ്പട്ടികയിൽ അമിതവില രേഖപ്പെടുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ പ്രൈസ് മോണിട്ടറിംഗ് കമ്മിറ്റി കൂടി ഉപഭോക്താക്കളെ ചൂഷണം ചെയ്യരുതെന്ന് നിർദ്ദേശം നൽകാറുണ്ട്. |
| ഡി) | ഭക്ഷ്യ, പൊതുവിതരണം, ലീഗൽ മെട്രോളജി, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡുകൾ കടകൾ പരിശോധിച്ച് ക്രമക്കേടുകാട്ടുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അളവ് തൂക്കങ്ങളിലെ കൃത്രിമം എന്നിവ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ഒറ്റയ്ക്കും, പോലീസ്, ലീഗൽമെട്രോളജി, ആരോഗ്യം, നികുതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതു വിപണിയിൽ പരിശോധനകളും റെയ്ഡുകളും നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. 2009-2010 വർഷത്തിൽ ഡിസംബർ 2009 വരെയുള്ള കാലയളവിൽ പൊതുവിപണിയിൽ 41040 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്. പരിശോധനയിൽ അനധികൃതമായി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയ 1665 എൽ.പി.ജി. സിലിണ്ടറുകൾ, 753178 കിലോ അരി, 350562 കിലോ ഗോതമ്പ്, 29127 ലിറ്റർ മണ്ണെണ്ണ, 1668 ലിറ്റർ ഡീസൽ, 55444 കിലോ സവാള, 7700 കിലോ ഉള്ളി, 6050 കിലോ ഉരുളക്കിഴങ്ങ്, 29 കിലോ ആട്ട, 3535 കിലോ പഞ്ചസാര, 199 കിലോ പയറ് എന്നിവ പിടിച്ചെടുക്കുകയും 13 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊതു വിപണിയിലെ പരിശോധന ഊർജ്ജിതമാക്കാനും അവശ്യവസ്തു നിയമം അനുസരിച്ച് നടപടി സ്വീകരിക്കാനും കർശന നിർദ്ദേശംനൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.178 — 9.3.2010 - ൽ മറുപടിയ്ക്ക്

## പാലക്കാട്, കാസർകോട്, വയനാട് ജില്ലകളിൽ നടപ്പാക്കുന്ന വിദർഭമോഡൽ പാക്കേജ്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. ചെന്താമരാക്ഷൻ:<br>ശ്രീ. എം. ഹംസ:<br>ശ്രീ. പി. കൃഷ്ണപ്രസാദ്:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ: | | ശ്രീ.സി. ദിവാകരൻ<br>( ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). | |
| (എ) | പാലക്കാട്, കാസർകോട്, വയനാട് ജില്ലകളിൽ നടപ്പാക്കുന്ന വിദർഭമോഡൽ പാക്കേജിൻെറ ഭാഗമായി മൃഗസംരക്ഷണവകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) | വ്യക്തമാക്കാം.<br>പദ്ധതി സംബന്ധിച്ച് വ്യാപകമായ പരസ്യം നൽകുകയും മൂന്നു ജില്ലകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി പഞ്ചായത്ത് പ്രതിനിധി, പാൽ സൊസൈറ്റി പ്രതിനിധി, വെറ്ററിനറി ഡോക്ടർ, ബാങ്ക് പ്രതിനിധി, എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിച്ചു. കർഷക ആത്മഹത്യ നടന്ന കുടുംബങ്ങൾ, വിധവകൾ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ, കാർഷികകടം നിലവിലുള്ള കുടുംബങ്ങൾ എന്നിവർക്കു മുൻഗണന നൽകി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തു. ഇപ്രകാരം ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിനും കന്നുകുട്ടിപരിപാലനത്തിനും പ്രത്യേകം ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |

ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക് മുഖേന ലോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനു പുറത്തു നിന്നും പശുക്കളെ വാങ്ങുന്നതിനായി ഓരോ ജില്ലയിലും പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 30,000 രൂപ സബ്സിഡിയും 30,000 രൂപ ലോണും ഉൾപ്പെടുന്നതാണ് ഓരോ ഡയറി യൂണിറ്റും. നാളിതുവരെ പാലക്കാട് ജില്ലയിൽ 2974 പശുക്കളെയും വയനാട് ജില്ലയിൽ 2845 പശുക്കളെയും കാസർഗോഡ് ജില്ലയിൽ 2855 പശുക്കളെയും നൽകിക്കഴിഞ്ഞു. ആകെ 9000 പശുക്കളെ വിതരണം ചെയ്യേണ്ടതിൽ 8674 പശുക്കളെ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു.

കന്നുകുട്ടി പരിപാലന പദ്ധതിയിൽ മൂന്നു ജില്ലകളിലും 1500 വീതം കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഓരോ കന്നുകുട്ടിയ്ക്കും 7300 രൂപയുടെ ആനുകൂല്യം തീറ്റയായും വിരമരുന്നായും ഇൻഷ്വറൻസ് പ്രീമിയമായും ലഭിക്കും.

പുതുതായി വാങ്ങി നൽകിയ പശുക്കൾക്ക് സൗജന്യ നിരക്കിൽ ഒരു വർഷക്കാലം തീറ്റ നൽകുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു. ഒരുപശുവിന് 9125 രൂപയുടെ ആനുകൂല്യം തീറ്റയായി ഇതുമൂലം ലഭിക്കുന്നുണ്ട്.

മൂന്നു ജില്ലകളിലും കന്നുകാലികളിലെ കൃത്രിമ ബീജസങ്കലനം പൂർണ്ണ

മായും സൗജന്യമാക്കിയിട്ടുണ്ട്. നാളിതുവരെ 994915 കൃത്രിമ ബീജസങ്കലനങ്ങൾ സൗജന്യമായി നടത്തിയിട്ടുണ്ട്.

കന്നുകാലികളിലെ വന്ധ്യതാനിവാരണത്തിന് ആവശ്യമായ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയും, ഗർഭിണികളായ പശുക്കൾക്ക് ഗർഭകാലത്തിൻെറ അവസാന മൂന്നു മാസക്കാലം സൗജന്യ നിരക്കിൽ തീറ്റ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഒരുപശുവിന് 1010 രൂപയുടെ ആനുകൂല്യം ലഭ്യമാകുന്ന ഈ പദ്ധതിയിൽ ആകെ 45000 പശുക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. നാളിതുവരെ 36559 പശുക്കളെ ഈ പദ്ധതിയിൽ ചേർത്തുകഴിഞ്ഞു.

വിദർഭപദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്ന ഓരോ പശുക്കളുടെയും ആരോഗ്യപരിപാലനത്തിനായി 300 രൂപയുടെ വീതം മരുന്നുകൾ വാങ്ങി നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.ഇതിലേക്കാവശ്യമായ മരുന്നുകൾ മുന്നു ജില്ലകളിലും വാങ്ങി നൽകിയിട്ടുണ്ട്.

പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഈ പദ്ധതിയുടെ പുരോഗതി കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിന് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റികൾ പദ്ധതി പുരോഗതി വിലയിരുത്തുന്നുമുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (ബി) | മേൽപറഞ്ഞ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |

1. രണ്ട് പശുക്കളുള്ള ഡയറി യൂണിറ്റ് സ്ഥാപിക്കൽ.
2. കന്നുകുട്ടി പരിപാലനം.
3. പുതുതായി വാങ്ങിയ പശുക്കൾക്ക് ഒരു വർഷക്കാലം സൗജന്യ നിരക്കിൽ തീറ്റ നൽകുന്ന പദ്ധതി.
4. സൗജന്യ കൃത്രിമ ബീജ സങ്കലനം.
5. ഗർഭകാല സൗജന്യ തീറ്റ വിതരണം.
6. പുതുതായി വാങ്ങുന്ന പശുക്കളുടെ ആരോഗ്യപരിപാലനം.

| | | | |
|---|---|---|---|
| (സി) | ഇതിനകം എത്ര പശുക്കളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്; | (സി) | ഇതിനകം പാലക്കാട് ജില്ലയിൽ 2974 ഉം വയനാട് ജില്ലയിൽ 2845 ഉം കാസർഗോഡ് ജില്ലയിൽ 2855 ഉം വീതം പശുക്കളെ വാങ്ങി നൽകിയിട്ടുണ്ട്. |
| (ഡി) | മൃഗസംരക്ഷണവകുപ്പിന് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വിദർഭാ മോഡൽ പദ്ധതി നടപ്പാക്കുന്നതിന് ആകെ 42.53 കോടിരൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിനകം 39.28കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. |

Omanakumari

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 179

09.03.2010ൽ
മറുപടിക്ക്

ഇ-ഗവേണൻസ് സംരംഭങ്ങൾ

ചോദ്യം

ശ്രീ. എം.എം. മോനായി
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. കെ.ടി. ജലീൽ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന ഇ-ഗവേണൻസ് സംരംഭങ്ങൾ എന്തെല്ലാമാണ്;

ബി) ഇത് എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

എ) & ബി) സംസ്ഥാന സർക്കാരിന്റെ വിവര സാങ്കേതിക സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻസിന്റെ വികസനത്തിനു വേണ്ടിയുള്ള പൊതു ഇൻഫ്രാ സ്ട്രക്ചറായ ഡേറ്റാ സെന്ററിന്റെ നിർമ്മാണം, ഐ.ടി.നെറ്റ്‌വർക്കിന്റെ വികസനത്തിനു വേണ്ടി കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക്, സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുള്ള ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ, കാഴ്ച ശക്തിയില്ലാത്തവർക്ക് പ്രത്യേക പരിശീലന പരിപാടിക്കായി ഇൻസൈറ്റ് എന്ന സ്ഥാപനം, സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്ക്, ഡിപ്പാർട്ട്-WANS, SMS വഴി ഒട്ടനവധി സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന മൊബൈൽ ഗവേണൻസ് , സർക്കാർ ഉദ്യോഗസ്ഥരുടെ സേവന വേതന വിവരങ്ങ ൾ അടങ്ങുന്ന സ്പാർക്ക് പദ്ധതി, കേന്ദ്രീകൃത ഇ-പ്രോക്യൂർമെന്റ് സൗകര്യം, സ്പേഷ്യൽ ഡേറ്റാ ഇൻഫ്രാ സ്ട്രക്ചർ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, മലയാളം കമ്പ്യൂട്ടിങ്ങിന്റെ പ്രചാരണം, ഇ-കൃഷി, ഇ-സ്റ്റാമ്പിംഗ്, എന്റെ ഗ്രാമം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ നടപ്പാക്കി വരുന്ന ഇ-ഡിസ്ട്രിക്ട്, എന്നിവയാണ് പ്രധാന ഇ-ഗവേണൻസ് സംരംഭങ്ങൾ. ഇതു കൂടാതെ അക്ഷയ & ഫ്രണ്ട്സ്, സിറ്റിസൺ

| | | |
|---|---|---|
| | | കാൾ സെന്റർ, എല്ലാ സർക്കാർ ജീവനക്കാർക്കും ഇ-മെയിൽ, ഡിജിറ്റൽ വർക്ക് ഫ്ലോ-MESSAGE, അസറ്റ് മാനേജ്മെന്റ് സിസ്റ്റം (AASTHI), വെബ്സൈറ്റ് കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്ക്, സ്പീഡ് ഐ.ടി, ഇന്റഗ്രേറ്റഡ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, ഇ-ഗവേണൻസ് രംഗത്ത് ഉപരിപഠനത്തിനായുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമാ കോഴ്സ് ഇൻ ഇ-ഗവേണൻസ്, ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപ്പിലാക്കുന്ന KVATIS, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർ വൽക്കരണം, **"Bhoomikeralam"**, ഡി സി സ്യൂട്ട്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഇ-പേമെന്റ്, എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ, ഇലക്ട്രോണിക്ക് മെഡിക്കൽ റെക്കോഡ് സിസ്റ്റം എന്നീ പദ്ധതികളും സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ പെടുന്നു. പദ്ധതികൾ പൂർത്തിയാക്കുന്നതിന് വിവിധ കാലയളവ് ആവശ്യമുണ്ട്. |
| സി) | അക്ഷയ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സർക്കാർ സേവനങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്; | സി) & ഡി) ഇലക്ട്രിസിറ്റി ബിൽ, വെള്ളക്കരം, യൂണിവേഴ്സിറ്റി ഫീസ്, ബി.എസ്.എൻ.എൽ ലാൻഡ് - മൊബൈൽ ബിൽ എന്നിവ അടയ്ക്കുന്നതിനുള്ള ഇ-പേ സൗകര്യം, റെയിൽവേ ടിക്കറ്റ് ബുക്കിംഗ്, VAT റിട്ടേൺ, ഇ-ഫയലിംഗ് മുതലായ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പാക്കിക്കഴിഞ്ഞു. |
| ഡി) | ഇനിയും എന്തെല്ലാം സേവനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | എംപ്ലോയ്മെന്റ് രജിസ്ട്രേഷനും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി കൂടുതൽ സൗകര്യങ്ങളും അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ) | എം-ഗവേണൻസ് പദ്ധതിയുടെ സൗകര്യങ്ങൾ എന്തെല്ലാമാണ്; സർക്കാർ സേവനങ്ങൾ ഈ പദ്ധതിയിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുമോ; | ഇ) ദേശീയ സാന്ദ്രതയേക്കാൾ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനത്ത് ഡിജിറ്റൽ അന്തരം പരിഹരിക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് ഭരണ സംബന്ധമായ സേവനങ്ങൾക്ക് മൊബൈൽ ഫോൺ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക എന്നുള്ളത് മൊബൈൽ ഫോൺ വഴി വിവിധ തരം വിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| എഫ്) | കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലേക്കും ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി എത്തിക്കാൻ നടപടി സ്വീകരിക്കുമോ? | എഫ്) | നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇടുക്കി ജില്ലയിലെ 3 ഗ്രാമങ്ങളിലൊഴികെ ആകെയുള്ള 1364 ഗ്രാമങ്ങളിൽ 1361ലും ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ടെന്ന് ബി.എസ്.എൻ.എൽ അറിയിച്ചിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 180 | 09.03.2010-ൽ മറുപടിയ്ക്ക്

## നീലക്കുറിഞ്ഞി സംരക്ഷിത ഉദ്യാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ. | നീലക്കുറിഞ്ഞി സംരക്ഷിത ഉദ്യാനം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ. | ഉണ്ട്.<br>ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽപെട്ട കൊട്ടക്കമ്പൂർ -വട്ടവട വില്ലേജുകളിലെ 3200 ഹെക്ടർ പ്രദേശം നീലക്കുറിഞ്ഞി സംരക്ഷിത ഉദ്യാനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള പ്രാഥമിക വിജ്ഞാപനം 6.10.2006 ന് സർക്കാർ ഉത്തരവ് നം. പി. 36/2006/F&WLD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി. | പ്രസ്തുത സംരക്ഷിത ഉദ്യാനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ജനവാസമുള്ളതാണോ എന്ന് വ്യക്തമാക്കുമോ; | ബി. | വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തിന്റെ കിഴക്കുഭാഗത്തുള്ള കടവരി എന്ന സ്ഥലത്ത് ജനവാസമുണ്ട്. |
| സി. | നീലക്കുറിഞ്ഞി സംരക്ഷിത ഉദ്യാനം പദ്ധതി ജനവാസമുള്ള പ്രദേശം ഒഴിവാക്കി നടപ്പാക്കാൻ തടസ്സമുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി. | പട്ടയ സ്ഥലങ്ങളെ ഒഴിവാക്കിക്കൊ ണ്ടു തന്നെയാണ് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാലും ഈ പ്രദേശത്തിന്മേൽ പൊതുജനങ്ങൾക്ക് എന്തെങ്കിലും അവകാശവാദം ഉള്ള പക്ഷം ആയത് പരിഹരിക്കുന്നതിനായി |

1972 ലെ വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 18-ബി പ്രകാരം ദേവികുളം സബ് കളക്ടറെ കളക്ടറായി നിയമിച്ചുകൊണ്ട് (എം.എസ്. 74/2007/വനം തീയതി 12.12.2007 നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാങ്ച്വറി യായി പ്രഖ്യാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രദേശത്തെ സംബന്ധിച്ചുള്ള ജനങ്ങളുടെ അവകാശങ്ങൾ പരിഹരി ക്കുന്നതിനുള്ള പൂർണ്ണ അധികാരം കളക്ടറിൽ നിക്ഷിപ്തമാണ്. അവകാശ ങ്ങൾ സംബന്ധിച്ച് അപേക്ഷ സമർപ്പിക്കുന്നതിന് പത്രങ്ങളിൽ പരസ്യം നൽകിയിരുന്നു. ഇതുസംബ ന്ധിച്ച് 110-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ പരിഗണി ക്കുന്നതിനുള്ള ഹിയറിംഗ് ജനങ്ങളുടെ സൗകര്യാർത്ഥം വട്ടവട പഞ്ചായത്തിൽ വച്ചാകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ